I. ഇ.ബി. XII-കേരള നിയമസഭ/II-8

**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 3, ചൊവ്വ

നിയമസഭ രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) കേരളത്തിന് അനുവദിച്ചിട്ടുള്ള ബി.എസ്.എഫ്. യൂണിറ്റ്

ശ്രീ. കെ.കെ. ഷാജു: കേരളത്തിൽ ഒരു ബി.എസ്.എഫ്. യൂണിറ്റ് ഇല്ലാത്തതിനാൽ 25,000-ത്തോളം വരുന്ന ബി.എസ്.എഫ്.-കാർ സർവ്വീസ് കാര്യങ്ങൾക്കും റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കും ആശ്രയിക്കുന്നത് ബാംഗ്ലൂരിലേയും ഹൈദ്രാബാദിലേയും ബി.എസ്.എഫ്. യൂണിറ്റുകളെയാണ്. ചെറുപ്പക്കാർക്ക് പുതിയ റിക്രൂട്ട്മെന്റിന് അഹമ്മദാബാദിലും ബാംഗ്ലൂരിലും പോകേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. കേരളീയർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ല. നൂറനാട് ലെപ്രസി സെന്ററിന് 134 ഏക്കർ സ്ഥലമുണ്ട്. അവിടെ ഇപ്പോൾ 600-ൽ താഴെ അന്തേവാസികൾ മാത്രമാണുള്ളത്. പുതിയ അഡ്മിഷൻ ഇപ്പോൾ നടക്കുന്നില്ല. ലെപ്രസി സാനിട്ടോറിയത്തിന്

ആവശ്യമായ സ്ഥലം കൊടുത്തിട്ട് ബാക്കി സ്ഥലം ബി.എസ്.എഫ്–ന് വിട്ടുകൊടുത്താൽ അവിടെ ഒരു യൂണിറ്റ് തുടങ്ങാൻ കഴിയും.

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്ചുതാനന്ദൻ): കേരളത്തിൽനിന്ന് ഏകദേശം 8000–ത്തോളം പേർ ബി.എസ്.എഫ്.–ൽ ജോലി നോക്കുന്നുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളത്തിന് സമീപം ഒരു ബി.എസ്.എഫ്. ബറ്റാലിയൻ ആസ്ഥാനം സ്ഥാപിക്കുന്നതിന് 85 ഏക്കർ ഭൂമി അനുവദിക്കണമെന്ന് ബി.എസ്.എഫ്. ഡയറക്ടർ ജനറൽ അഭ്യർത്ഥിക്കുകയും കൊച്ചിയിൽ പറവൂർ താലൂക്കിൽ കുന്നുവര വില്ലേജിൽ സ്ഥലം ലഭ്യമാക്കാൻ കഴിയുമെന്ന് ബി.എസ്.എഫ്. ഡയറക്ടർ ജനറലിനെ അറിയിച്ചിട്ടുമുണ്ട്. നൂറനാട് ലെപ്രസി സാനിട്ടോറിയത്തിന്റെ സ്ഥലത്ത് ബി.എസ്.എഫ്. ആസ്ഥാനം പരിഗണിക്കേണ്ട ആവശ്യമില്ല.

(2) വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത

ശ്രീ വി. ശിവൻകുട്ടി: സംസ്ഥാനത്ത് ഒരു ഏകീകൃത ടൗൺ പ്ലാനിംഗ് ആക്ട് ആവശ്യമാണ്. മൂന്ന് പ്രത്യേക ടൗൺ പ്ലാനിംഗ് ആക്ടുകളാണ് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങൾക്ക് നിലവിലുള്ളത്. പഴയകാലത്തെ രീതിയിലുള്ള ഭൂവിനിയോഗമല്ല ഇപ്പോൾ ഈ നഗരങ്ങളിലുള്ളത്. അശാസ്ത്രീയമായ പഴയ നിയമങ്ങളിലൂടെ വികസന വിരുദ്ധ നയങ്ങളാണ് ഇപ്പോൾ കെട്ടിട നിർമ്മാണ രംഗത്ത് നടപ്പിലാക്കുന്നത്. പ്രധാനപ്പെട്ട നഗരങ്ങളിലെങ്കിലും പുതിയ മാസ്റ്റർ പ്ലാനുകളും സ്കീമുകളും സമയബന്ധിതമായി തയ്യാറാക്കണം. ഡീറ്റെയിൽഡ് ടൗൺ പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്താനുള്ള സ്ഥലനിർണ്ണയത്തിന്റെ കാര്യത്തിൽ എം.എൽ.എ. മാരുമായും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായും ചർച്ച നടത്തണം. മൂന്നും നാലും അഞ്ചും സെന്റ് ഭൂമി കൈവശമുള്ളവർക്ക്

കെട്ടിട നിർമ്മാണത്തിനുള്ള ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടി ലഘൂകരിക്കണം. യു.ഡി.എഫ്. ഭരണകാലത്ത് കെട്ടിട നിർമ്മാണ നിയമങ്ങൾ ലംഘിച്ച് വ്യക്തിഗത പെർമിറ്റുകൾ നൽകിയതിനെക്കുറിച്ച് അന്വേഷിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): നഗരവികസന പരിപാടികളുടെ ഭാഗമായി പ്രത്യേക വികസനത്തിനാവശ്യമായ മേഖല തിരിച്ചിട്ടുള്ള സ്ഥലങ്ങളിലും മാസ്റ്റർ പ്ളാനുകളിൽ സോണൽ നിബന്ധനകൾക്ക് വിരുദ്ധമായും കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതല്ല. ജനങ്ങളുടെ ആവശ്യം പരിഗണിച്ച് കെട്ടിട നിർമ്മാണത്തിന് ഗവൺമെന്റ് പ്രത്യേകം ഇളവുകൾ നൽകിയിട്ടുണ്ട്. വ്യക്തിഗത അപേക്ഷകളിൽ ഇളവ് നൽകാൻ സർക്കാരിന് അധികാരമില്ലെന്ന് ഹൈക്കോടതി വിധിയുണ്ട്. നഗരാസൂത്രണ നിയമപ്രകാരം ഒരിക്കൽ അംഗീകരിച്ച വികസന പദ്ധതിയിൽ നടപടിക്രമം പാലിച്ചുകൊണ്ട് മാറ്റം വരുത്താനും റദ്ദ് ചെയ്യാനും സർക്കാരിന് അധികാരം ഉണ്ട്. കോടതി വിധിമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ജനപ്രതിനിധികളുടെയും പഞ്ചായത്ത് മെമ്പർമാരുടെയും അഭിപ്രായങ്ങൾ ആരാഞ്ഞ് നിലവിലുള്ള മാസ്റ്റർ പ്ളാനുകളിലും സ്കീമുകളിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നവംബർ മാസത്തോടെ ഇത് പൂർത്തിയാകും. നഗരാസൂത്രണ പദ്ധതികളിൽ മാറ്റം വരത്തക്ക രീതിയിലുള്ള ആധുനിക ടൗൺ-കൺട്രി പ്ളാൻ ആക്ടിന് രൂപം നൽകും യു.ഡി.എഫ്. ഭരണകാലത്ത് കെട്ടിട നിർമ്മാണ നിയമങ്ങൾ ലംഘിച്ച് വ്യക്തിഗത ലൈസൻസ് കൊടുത്തതിനെക്കുറിച്ച് അന്വേഷണം നടത്തുന്നതാണ്.

**സബ്മിഷൻ**

(1) <u>ചിക്കുൻഗുനിയ തടയാൻ ജനപങ്കാളിത്തത്തോടെ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> 20000-ത്തോളം പേർ ആശുപത്രിയിൽ ചികിൽസയിൽ കഴിയുകയും 65 പേരുടെ മരണത്തി നിടയാകുകയും ചെയ്ത ചിക്കുൻഗുനിയ എന്ന രോഗം ചേർത്തലയിൽനിന്ന് ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് വ്യാപകമായി പടർന്നു കൊണ്ടിരിക്കുകയാണ്. കൊതുകുനിവാരണം മാത്രം പോംവഴിയായുള്ള ഈ രോഗത്തിന് പ്രത്യേക മരുന്നുകൾ ഇല്ലെന്നാണ് ആരോഗ്യവകുപ്പ് അധികൃത രുടെ നിഗമനം. ഇതു സംബന്ധിച്ച് പൊതു ജനങ്ങളുടെ ശ്രദ്ധയ്ക്കായി ആരോഗ്യവകുപ്പ് ഒരു പരസ്യം ഇറക്കിയിട്ടുണ്ട്. കുടുംബശ്രീ, സ്കൂൾ കുട്ടികൾ, യുവജന സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തി തികച്ചും ജനകീയ പങ്കാളിത്തത്തോടെ ഒരു ദിവസത്തെ കൊതുകു നിവാരണ മാലിന്യ നിർമ്മാർജ്ജന ശുചിത്വ ദിനം എന്ന പേരിൽ ഒരു പരിപാടി അടിയന്തിരമായി സംഘടിപ്പിക്കണം. കൊതുകുനിവാരണത്തിലൂടെ മാത്രമേ രോഗനിയന്ത്രണം സാധ്യമാകൂ. ചിക്കുൻഗുനിയ ബാധിച്ച രോഗികളെ കുത്തിയ കൊതുക് മറ്റുള്ളവരെ കുത്തുന്നതിലൂടെയാണ് രോഗം പകരുന്നത്. അതുകൊണ്ട് ആശുപത്രിയിൽ കഴിയുന്ന രോഗികൾക്കെങ്കിലും എത്രയും പെട്ടെന്ന് കൊതുകുവല ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ആവശ്യത്തിന് ഡോക്ടർ മാരെയും നഴ്സുമാരെയും നിയോഗിക്കണം. വീട്ടിലിരുന്ന് ചികിത്സിക്കുന്ന രോഗികൾക്കുകൂടി മരുന്ന് കൊടുക്കാൻ നടപടികളുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ചിക്കുൻഗുനിയ രോഗം പടർന്നുപിടിക്കുന്നത് തടയാനും രോഗബാധിതർക്ക് ചികിത്സയും മറ്റ് സഹായങ്ങളും നൽകുന്നതിനും സർക്കാർ എല്ലാ പരിശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ചികിത്സയും പ്രതിരോധ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറി കൺവീനറായ സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർ കൺവീനറായ ജില്ലാതല കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. രോഗം പരത്തുന്നതിന് ഇടവരുത്തുന്ന സാഹചര്യം ഒഴിവാക്കാൻ ശുചിത്വ പരിപാടിയും ബോധവൽക്കരണ പരിപാടികളും സജീവമായി നടപ്പിലാക്കി വരുന്നുണ്ട്. രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ശുചിത്വവൽക്കരണ പരിപാടി എല്ലാ വിഭാഗം ജനങ്ങളുടെയും സർക്കാർ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്നുണ്ട്. ഫോഗിംഗ് യന്ത്രങ്ങളും സ്പ്രേയറുകളും മരുന്നും യഥേഷ്ടം ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ മരുന്നും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും എത്തിക്കാൻ നടപടിയും സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പുമന്ത്രി ആലപ്പുഴയിൽ ക്യാമ്പ്ചെയ്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. ദുരിതം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകാനും മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കാനും അടിയന്തിരമായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. പാരമ്പര്യ ചികിത്സയ്ക്ക് പ്രാമുഖ്യം നൽകുന്നുണ്ട്. രാഷ്ട്രീയ പാർട്ടികളുടെയും എം.എൽ.എ.മാരുടെയും യോഗം അടിയന്തിരമായി വിളിച്ചുചേർക്കുന്നതിൽ അഭിപ്രായ വ്യത്യാസമില്ല. ചേർത്തല ആശുപത്രിയിൽ 500 കൊതുകുവലകൾ ഇന്നലെ കൊടുത്തു. ചേർത്തലയിൽനിന്നും കൊല്ലം ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയ മൂന്ന്

ഡോക്ടർമാരെ തിരിച്ചുവിളിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ജനപങ്കാളിത്തത്തോടെയുള്ള ഒരു കൊതുക് നിവാരണ ദിനം ആചരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

(2) പാകിസ്ഥാനി ബാൻഡ് സ്ട്രിംഗിന് കേരളത്തിൽ പരിപാടി അവതരിപ്പിക്കുന്നതിനുള്ള അനുമതി

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിന്റെ വാർഷിക കലാപരിപാടിയുടെ ഭാഗമായി പാകിസ്ഥാനി ബാൻഡ് സ്ട്രിംഗിന് പരിപാടി അവതരിപ്പിക്കുന്നതിന് അനുമതി നിഷേധിച്ചു. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യം കേന്ദ്ര ഗവൺമെന്റിൽ ഉന്നയിച്ച് പാകിസ്ഥാനി ബാൻഡ് സ്ട്രിംഗിന് കേരളത്തിൽ പരിപാടി നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): തിരുവനന്തപുരം എൻജിനീയറിംഗ് കോളേജ് വാർഷികത്തോടനുബന്ധിച്ച് പാകിസ്ഥാനി ബാൻഡ് സ്ട്രിംഗ് എന്ന റോക്ക് ഗായക സംഘത്തെ പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നറിഞ്ഞിരുന്നെങ്കിലും കേന്ദ്ര ആഭ്യന്തര മന്ത്രാലയമോ കേന്ദ്ര വിദേശകാര്യ മന്ത്രാലയമോ മേൽപ്പറഞ്ഞ ഗായക സംഘം കേരളത്തിൽ വരുന്നത് സംബന്ധിച്ച് സംസ്ഥാന ഇന്റലിജൻസ് വകുപ്പിന് യാതൊരു അറിയിപ്പോ അഭിപ്രായമാരാഞ്ഞുകൊണ്ടുള്ള കത്തോ ഇതുവരെ ലഭിച്ചിട്ടില്ല.

(3) നീതു സൂസൺ റോയിയുടെ ആത്മഹത്യ

ശ്രീ. ആര്യാടൻ മുഹമ്മദ് :ചുങ്കത്തറ പഞ്ചായത്തിൽ 19 വയസ്സുള്ള നീതു സൂസൺ റോയിയെ നിലമ്പൂരിലെ മുതുകാട് സ്കൂളിലെ അദ്ധ്യാപക നായ ചാക്കോ നിരന്തരമായി പീഡിപ്പിക്കുകയും മറ്റു മാർഗ്ഗങ്ങളില്ലാതെ

ആ കുട്ടി ആത്മഹത്യ ചെയ്യുകയും ചെയ്തു. ആ കുട്ടിയുടെ രക്ഷിതാക്കൾ ഇക്കാര്യം ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ ത്തുടർന്ന് കേസ് ക്രൈം ബ്രാഞ്ചിന് വിടുകയുണ്ടായി. കുട്ടിയെ പീഡിപ്പിച്ചത് സംബന്ധിച്ച് എടക്കര പോലീസ് സ്റ്റേഷനിൽ ഒരു എഫ്.ഐ.ആർ. നിലവിലുണ്ട്. അതുകൂടി ക്ളബ് ചെയ്തുകൊണ്ടുവേണം രാജഗിരി പോലീസ് സ്റ്റേഷനിൽ ആത്മഹത്യയ്ക്ക് കേസ്സെടുക്കേണ്ടത്. അടിയന്തിരമായി പ്രതിയെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ.കോടിയേരി ബാലകൃഷ്ണൻ):</u> കാസർകോട് വനാടി ഗ്രാമത്തിൽ മാനൊടുക്കം എന്ന സ്ഥലത്ത് താമസിക്കുന്ന റോയി ജോസഫിന്റെ മകൾ 19 വയസ്സുള്ള നീതു സൂസൻ റോയി 2006 സെപ്തംബർ മാസം 9-ാം തീയതിയാണ് വീട്ടിനുള്ളിൽ കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്തത്. ഇതു സംബന്ധിച്ച് രാജഗിരി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് നടത്തിയ അന്വേഷണത്തിൽ മുതുകാട് യു.പി. സ്ക്കൂളിലെ അദ്ധ്യാപകൻ ജേക്കബ് എന്ന ചാക്കോ നീതുവിനോട് പ്രേമാഭ്യർത്ഥന നടത്തിയത് നിരസിച്ചപ്പോൾ ഫോണിൽക്കൂടി നിരന്തരമായി ശല്യം ചെയ്തതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ചാക്കോയുടെ പീഡന ഭീഷണിമൂലമാണ് ഈ കുട്ടി ആത്മഹത്യ ചെയ്യാനിടയായതെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറും കുട്ടിയുടെ രക്ഷിതാക്കളും അഭ്യർത്ഥിച്ചതനുസരിച്ച് ഈ കേസ്സ് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രതിയുടെ പേരിൽ കുറ്റപത്രവും കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് ഇക്കാര്യം ഗൗരവമായി അന്വേഷിക്കുന്നതാണ്.

(4) <u>കായംകുളത്ത് ചുഴലിക്കാറ്റിൽ കെട്ടിടം തകർന്നുവീണ സംഭവം</u>

<u>ശ്രീ. സി.കെ. സദാശിവൻ:</u> കാർത്തികപ്പള്ളി താലൂക്കിലെ കായംകുളം മണ്ഡലത്തിൽപ്പെട്ട കീരിക്കാട്, കണ്ടല്ലൂർ, പുതുപ്പള്ളി, കായംകുളം വില്ലേജുകളിൽ ചുഴലിക്കൊടുങ്കാറ്റിൽ വലിയ നാശനഷ്ടമുണ്ടായി. കായംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്ക്കൂളിന്റെ കെട്ടിടം തകർന്ന് മനു എന്ന വിദ്യാർത്ഥിക്ക് ഗുരുതരമായി പരിക്കേറ്റ് ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിലാണ്. ഈ കുട്ടിക്ക് നൽകിക്കൊണ്ടിരിക്കുന്ന ധനസഹായം വർദ്ധിപ്പിക്കണം. കൂടാതെ 7 വീടുകൾ പൂർണ്ണമായും 68 വീടുകൾ ഭാഗികമായും തകരുകയും 7 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനും അടിയന്തിര നടപടി യുണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> 21-9-2006-ന് രാവിലെ 10 മണിയോടെ കീരിക്കാട്, കണ്ടല്ലൂർ, പുതുപ്പള്ളി, കായംകുളം മേഖലകളിൽ ചുഴലിക്കാറ്റ് വീശിയതിന്റെ ഫലമായി കെട്ടിടം വീണ് പരിക്കേറ്റ മനു എന്ന കുട്ടിക്ക് കൊടുത്തുകൊണ്ടിരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ദുരന്തബാധിതരുടെ നാശനഷ്ടങ്ങൾ തിട്ടപ്പെടു ത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. എത്രയും വേഗം പരമാവധി ആശ്വാസ ധനം അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (5) പൊതു സ്ഥലങ്ങളിലും റോഡരികിലും മാലിന്യം നിക്ഷേപിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. എ. എ. അസീസ്: കേരളപ്പിറവിയുടെ 50-ാം വാർഷികത്തിൽ മാലിന്യ വിമുക്ത കേരളം കെട്ടിപ്പടുക്കാൻ മാലിന്യങ്ങൾ പരിപൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): പൊതുനിരത്തുകളിലും റോഡുകളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും അലക്ഷ്യമായി വലിച്ചെറിയുന്നതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാലിന്യ നിക്ഷേപ കേന്ദ്രങ്ങളല്ലാത്ത പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ പടർന്നുപിടിച്ചിട്ടുള്ള സാംക്രമിക രോഗങ്ങളുടെ ഗുരുതരാവസ്ഥ മനസ്സിലാക്കി ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (6) കലഞ്ഞൂർ പഞ്ചായത്തിൽ ദ്രുതകർമ്മ സേനയുടെ ഓഫീസും ട്രെയിനിംഗ് സെന്ററും നിലനിറുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ്: ദ്രുതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിനുവേണ്ടി കലഞ്ഞൂർ പഞ്ചായത്തിൽ ആവശ്യമായ കെട്ടിടവും ലക്ഷക്കണക്കിന് രൂപയും ചെലവഴിച്ച് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ആരംഭിച്ച ട്രെയിനിംഗ് സെന്റർ അവിടെനിന്ന് മാറ്റാനുള്ള ശ്രമം നടക്കുന്നതായി മനസ്സിലാക്കുന്നു. ഇതിന്റെ പ്രവർത്തനം കലഞ്ഞൂരിൽ തന്നെ നിലനിർത്തണം.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ദ്രുതകർമ്മം വേണ്ടത് എവിടെയാണോ അവിടെ പ്രവർത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ദ്രുതകർമ്മ സേന രൂപീകരിച്ചിട്ടുള്ളത്. അതിന്റെ ആസ്ഥാനം കലഞ്ഞൂരിൽത്തന്നെ നിലനിർത്തുന്നതാണ്. മറയൂരിൽ വനം മാഫിയകളെയും ചന്ദനം കൊള്ളക്കാരെയും നിയന്ത്രിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഈ സേനയുടെ സേവനം ഇപ്പോൾ അവിടെ അത്യന്താപേക്ഷിതമാണ്. ഈ സേനയുടെ പ്രവർത്തന മേഖല കേരളം മൊത്തത്തിലാണ്.

(7) കൊല്ലത്തെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ നടന്ന അക്രമം

ശ്രീ. എം. മുരളി: കഴിഞ്ഞ സെപ്റ്റംബർ 19-ന് കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച സ്ഥാനാർത്ഥി ശ്രീ. വിജയരാജുവിന്റെ നേതൃത്വത്തിൽ ഒരു സായുധ സംഘം തന്റെ എതിർ സ്ഥാനാർത്ഥിയും മുൻ പഞ്ചായത്ത് പ്രസിഡന്റും മഹിളാ കോൺഗ്രസ് നിയോജകമണ്ഡലം പ്രസിഡന്റുമായ ശ്രീമതി റോസ് മേരിയെ കയ്യേറ്റം ചെയ്യുകയും വീട് അടിച്ചുതകർക്കുകയും പക്ഷാഘാതംമൂലം തളർന്നുകിടക്കുന്ന അവരുടെ ഭർത്താവിനെ ക്രൂരമായി മർദ്ദിക്കുകയും വളർത്തുമൃഗങ്ങളെ വെട്ടി പരിക്കേൽപ്പിക്കുകയും ചെയ്യുകയുണ്ടായി. ഏതാനും മാസങ്ങൾക്കുമുമ്പ് നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. വിജയരാജുവിന്റെ തെരഞ്ഞെടുപ്പ് കള്ള സത്യവാങ്മൂലം നൽകിയ തിന്റെ പേരിൽ കൊല്ലം മുൻസിഫ് കോടതി ക്യാൻസൽ ചെയ്തിരുന്നു. അതിന്റെ പേരിൽ നടത്തിയ ഭവന ഭേദനത്തിനും അക്രമത്തിനുമെതിരെ കർശന നടപടി സ്വീകരിക്കുകയും കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരികയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കൊല്ലം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് വാർഡ് 14–ൽ 19–9–2006–ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്വതന്ത്ര സ്ഥാനാർത്ഥിയായ വിജയരാജുവിന്റെ തെരഞ്ഞെടുപ്പ് വിജയത്തെത്തുടർന്ന് 20–9–2006–ന് നടത്തിയ ആഹ്ലാദ പ്രകടനത്തിൽ പങ്കെടുത്തശേഷം തിരികെപ്പോയ കുറച്ചുപേർ മുൻ തെരഞ്ഞെടുപ്പിൽ വിജയരാജുവിനെ കേസിലൂടെ അയോഗ്യനാക്കിയ റോസ് മേരിയുടെ വീടിനുനേരെ കല്ലേറിയുകയും ദേഹോപദ്രവമേൽപ്പിക്കുകയും ചെയ്തതായി പരാതി പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കൊട്ടിയം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്നുള്ള അന്വേഷണത്തിൽ കൂടുതൽ പ്രതികളെ തിരിച്ചറിയുകയും 25 പ്രതികളിൽ 12 പേരെ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തു. തെരഞ്ഞെടുപ്പിൽ കോൺഗ്രസ് അനുഭാവിയായ റോസ് മേരി യോടുള്ള രാഷ്ട്രീയ വിരോധമാണ് ഇതിനു കാരണമെന്നാണ് വ്യക്തമായിട്ടു ള്ളത്. കൂടാതെ റോസ് മേരിയും രണ്ട് ആൺകുട്ടികളുംകൂടി ദേഹോപദ്രവ മേൽപ്പിച്ചതായി ജസ്റ്റിൻ, ബൈജു, ഫൈസൽ എന്നിവർ നൽകിയ പരാതി യുടെ അടിസ്ഥാനത്തിൽ ക്രൈം 606/2006 നമ്പരായി കൊട്ടിയം പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇക്കാര്യത്തിൽ നിയമാനുസൃതമായ എല്ലാ നടപടികളും സർക്കാർ സ്വീകരി ക്കുന്നതാണ്.

## (8) ലക്ഷം വീടുകളിൽ താമസിക്കുന്നവർക്ക് കൈവശ രേഖകൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ശശികുമാർ: 1970–71 കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ ലക്ഷം വീട് പദ്ധതി.പ്രകാരം സർക്കാർ പതിച്ചുനൽകുന്ന ഭൂമി കേരള ലാന്റ് അസൈൻമെന്റ് റൂൾ അനുസരിച്ച് 12 വർഷങ്ങൾക്കുശേഷം ക്രയവിക്രയം ചെയ്യാനുള്ള അനുവാദമുണ്ട്. ഇങ്ങനെ കൈമാറ്റം നടത്തിയതിന്റെ ഫലമായി ഇപ്പോൾ ഇവിടെ താമസിക്കുന്ന നിരവധി കുടുംബങ്ങൾക്ക് നികുതി രസീതോ കൈവശ രേഖകളോ ഇല്ലാത്ത അവസ്ഥയാണ്. ഇതിന്റെ ഫലമായി ത്രിതല പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന ലക്ഷംവീട് വൈദ്യുതീകരണം, ശുദ്ധജല വിതരണം തുടങ്ങിയ പദ്ധതികളുടെ പ്രയോജനം ലക്ഷം വീട് നിവാസികൾക്ക് ലഭിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. കാലാകാലങ്ങളിൽ പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികളുടെ ഗുണഫലങ്ങൾ ലക്ഷം വീട് നിവാസികൾക്ക് ലഭ്യമാകുന്നതിന് പട്ടയം, നികുതി രസീത്, കൈവശ രേഖ തുടങ്ങിയ അടിസ്ഥാന രേഖകൾ നൽകാൻ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ലക്ഷംവീട് പദ്ധതി പ്രകാരം വീട് ലഭിച്ചവർക്കെല്ലാം പട്ടയം നൽകിയിട്ടുണ്ട്. ഇപ്പോൾ ലക്ഷം വീടിന്റെ നിലവിലുള്ള കൈവശക്കാർ അർഹരും ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുമാണെങ്കിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെ അവർക്ക് സ്വന്തമായി വീടില്ലെന്ന് ഉറപ്പുവരുത്തി പട്ടയം നൽകാവുന്നതാണെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ അംഗീകാരം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുകയാണെങ്കിൽ വില്ലേജ്

അദാലത്തുകൾവഴി ഇതുസംബന്ധിച്ച തീരുമാനം എടുക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്.

(9) മുല്ലപ്പെരിയാർ ഡാമിന്റെ പരിസരത്ത് പരസ്യബോർഡ് സ്ഥാപിച്ചതുമൂലമുള്ള ദുരൂഹത

ശ്രീ. കെ.സി. വേണുഗോപാൽ: മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ തമിഴ്നാട് ഗവൺമെന്റിൽനിന്ന് നീതി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് തമിഴ്നാട് ഗവൺമെന്റ് സംസ്ഥാനത്തിന് അവകാശപ്പെട്ട സ്ഥലത്ത് അതിക്രമിച്ചുകടക്കാൻ പാടില്ലെന്ന ബോർഡ് വച്ച് കേരളത്തെ പരസ്യമായി വെല്ലുവിളിക്കുന്നത്. ഡാമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന തിനുവേണ്ടി അത് പരിശോധിക്കാനുള്ള കേരളത്തിന്റെ അവകാശത്തെ പ്പോലും ചോദ്യം ചെയ്യുന്ന രീതിയിലാണ് ഇത് ചെയ്തിട്ടുള്ളത്. സമവായ ചർച്ചകൾക്കുവേണ്ടി മുൻകൈ എടുക്കുന്ന ഈ അവസരത്തിൽ ഏകപക്ഷീയമായി കേരളത്തിന്റെ അതിർത്തിയിൽവന്ന് ബോർഡ് സ്ഥാപിക്കുന്നതും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അങ്ങോട്ടുപോകണ്ട എന്നു പറയുന്നതും ഗുരുതരമായ സംഭവമാണ്. ഈ ബോർഡ് അവിടെ നിന്നു നീക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ): ഗുരുതരമായ ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലാ കളക്ടർ ഈ പ്രശ്നത്തിൽ ഇടപെടുകയും ഇടുക്കി ഡെപ്യൂട്ടി കളക്ടറെ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തുകയും ചെയ്തു. ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡ് സ്ഥാപിച്ചു എന്നു പറയുന്നത് ശരിയാണ്. ഇരു സംസ്ഥാനങ്ങളും ഈ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കണമെന്ന് സുപ്രീംകോടതി പറഞ്ഞ സാഹചര്യത്തിൽ തമിഴ്നാട്

ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള നടപടി ന്യായീകരിക്കത്തക്കതല്ല. ഈ കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) ശ്രീ. യു.സി. രാമൻ എം.എൽ.എ.യോട് അപമര്യാദയായി പെരുമാറിയ സംഭവം

ശ്രീ. യു.സി. രാമൻ: ഗാന്ധിജയന്തി ദിനത്തിൽ പെരുവഴിക്കടവ് എൽ.പി. സ്കൂളിൽ കമ്പ്യൂട്ടർ ഉൽഘാടനച്ചടങ്ങിനു പോകുമ്പോൾ സ്കൂളിനടുത്തുവച്ച് മദ്യലഹരിയിൽ സ്വബോധം നഷ്ടപ്പെട്ട ഇരുപതോളം ആളുകൾ എന്നെ തടഞ്ഞുവയ്ക്കുകയും അപമര്യാദയായി പെരുമാറുകയും ചെയ്തു. എനിക്ക് ഉൽഘാടനച്ചടങ്ങിനു പോകണം എന്നു പറഞ്ഞതിനു ശേഷമാണ് പോലീസ് ഇടപെട്ട് എന്നെ രക്ഷിച്ചത്. ഡി.വൈ.എഫ്.ഐ.യുടെ നേതാക്കളും പ്രവർത്തകരുമാണ് ഈ നീചമായ പ്രവൃത്തി നടത്തിയിട്ടുള്ളത്. ഒരു ജനപ്രതിനിധി എന്ന നിലയ്ക്ക് നിയോജകമണ്ഡലങ്ങളിൽ സഞ്ചരിക്കേണ്ട ഘട്ടങ്ങളിൽ പൂർണ്ണമായ സംരക്ഷണം നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു പെറ്റി കേസാണ് പോലീസ് എടുത്തിട്ടുള്ളത്. പ്രതികൾക്കെതിരെ ശക്തമായ ഇടപെടലും നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2-10-2006-ന് കോഴിക്കോട് പെരുവഴിക്കടവ് എൽ.പി. സ്കൂളിൽ കമ്പ്യൂട്ടർ ഉൽഘാടനത്തിനായി ശ്രീ. യു.സി.രാമൻ സ്കൂളിനു മുമ്പിൽ എത്തിയപ്പോൾ റോഡ് നിർമ്മാണത്തിന്റെ പണം ലാപ്സ് ആയതു സംബന്ധിച്ച നിവേദനം നൽകുന്നതിന് എല്ലാ പാർട്ടിയിലുംപെട്ട ആളുകൾ ചേർന്ന് എം.എൽ.എയെ തടഞ്ഞുവച്ച സംഭവം ഉണ്ടായി. തുടർന്ന് പോലീസ് അദ്ദേഹത്തെ മോചിപ്പിച്ചു. എം.എൽ.എ. ഇക്കാര്യത്തിൽ പരാതി

നൽകിയിട്ടില്ലെങ്കിലും കുന്നമംഗലം പോലീസ് സ്വയം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. എം.എൽ.എ.മാർക്കും മന്ത്രിമാർക്കും പൊതുപ്രവർത്തകർക്കും എതിരായി നടക്കുന്ന ഇത്തരം കാര്യങ്ങളെ ഗവൺമെന്റ് ഗൗരവമായിത്തന്നെ കൈകാര്യം ചെയ്യും; എല്ലാവിധ സംരക്ഷണവും ഉറപ്പുവരുത്തും. ഇതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. കെ.എം. മാണി: എം.എൽ.എ.-യെ ഡി.വൈ.എഫ്.ഐ.-ക്കാർ തടഞ്ഞുനിറുത്തുകയും പോലീസ് വന്ന് വിടുതൽ ചെയ്യിക്കുകയും ചെയ്ത സംഭവം വളരെ ഗൗരവമായിട്ടെടുത്ത് ഇതിനെക്കുറിച്ച് അന്വേഷിച്ച് സഭയ്ക്ക് യഥാർത്ഥ വിവരം നല്കണം. എം.എൽ.എ.-മാർക്ക് സംരക്ഷണം നല്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): എം.എൽ.എ. ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട പ്രശ്നത്തിന്റെ പേരിലാണ് ശ്രീ.യു.സി. രാമനെ ഡി.വൈ.എഫ്.ഐ-ക്കാർ തടഞ്ഞുവച്ചത്. ഏരിയ ഡെവലപ്പമെന്റ് സ്കീം അനുസരിച്ച് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിൽ കൂടിയാലോചന നടത്തി യുക്തമായ തീരുമാനമെടുക്കുന്നതിനുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുന്ന വിധത്തിലുള്ള സംഭവമാണ് ഇന്നലെ നടന്നത്. എം.എൽ.എ. ഫണ്ട് വിനിയോഗത്തിന്റെ പേരിൽ ഒരു എം.എൽ.എ.-യെ തടയുന്നതും സമരത്തിന്റെ പേരിൽ ഒരു മന്ത്രിയെ തടയുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഗവൺമെന്റ് ഈ പ്രശ്നം ലാഘവബുദ്ധിയോടുകൂടി കാണരുത്. പോലീസ് ഇടപെട്ട് എം.എൽ.എ.-യെ മോചിപ്പിച്ചിട്ടും പ്രതിക ളിൽ ഒരാളെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. ഒരു സാധാരണ പ്രശ്നം എന്നുള്ള നിലയിൽ ഇത് കൈകാര്യം ചെയ്താൽ ഇതുപോലുള്ള സംഭവ ങ്ങൾ കൂടുതൽ വ്യാപിക്കുന്നതിനിടവരുത്തുമെന്നുള്ളതുകൊണ്ട് കുറെക്കൂടി

കർക്കശമായ നിലപാട് സ്വീകരിക്കണം. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യം ഗൗരവമായിട്ടെടുത്ത് സഭയിലെ അംഗങ്ങൾക്ക് പ്രൊട്ടക്ഷൻ നല്കണം. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സി.ടി. അഹമ്മദ് അലി: ഈ പ്രശ്നം ആഭ്യന്തര വകുപ്പുമന്ത്രി വളരെ ലാഘവബുദ്ധിയോടുകൂടി കണ്ടത് ശരിയായില്ല. എം.എൽ.എ.– മാർക്ക് പ്രദേശിക വികസന ഫണ്ട് ചെലവഴിക്കാനുള്ള അവകാശം നിഷേധിക്കപ്പെടരുത്. പോലീസിന്റെ സാന്നിദ്ധ്യത്തിൽ എം.എൽ.എ.–യെ മോചിപ്പിച്ചിട്ടും ആരേയും അറസ്റ്റ് ചെയ്തില്ലെന്നു മാത്രമല്ല നിസ്സാര കുറ്റം ചുമത്തി കേസ്സെടുക്കുകയാണുണ്ടായത്. അടിയന്തിരമായി ഈ സംഭവവുമായി ബന്ധപ്പെട്ട് മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഒരു എം.എൽ.എ.– യ്ക്ക് എതിരായി ഉണ്ടായ സംഭവമായതുകൊണ്ട് ഗവൺമെന്റ് ഈ പ്രശ്നം വളരെ ഗൗരവമായി കണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി.സ്പീക്കർ: ശ്രീ. യു.സി. രാമൻ ഈ സംഭവത്തെക്കുറിച്ച് ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾത്തന്നെ വകുപ്പുമന്ത്രിയുമായി ഇതിനെക്കുറിച്ച് സംസാരിച്ചു. നാളെ വിശദമായി മറുപടി നല്കാമെന്ന് പറഞ്ഞെങ്കിലും ഒരു എം.എൽ.എ.–യ്ക്ക് എതിരായിട്ടുള്ള സംഭവമായതുകൊണ്ട് ഇന്നുതന്നെ അന്വേഷിച്ച് മറുപടി നല്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് മറുപടി നല്കിയത്. കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നല്കിയിട്ടുണ്ട്. അത് പാലിക്കുമെന്നാണ് ചെയർ കരുതുന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലെടുക്കുവാൻ ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്.

**ധനകാര്യം**

## 2006–2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII – വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം
(2277,25,28,000 രൂപ)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ കെ.ബാബു, എം. മുരളി, കെ.സി. ജോസഫ്, പി.സി. വിഷ്ണുനാഥ്, വി.ഡി. സതീശൻ, അബ്ദുറഹിമാൻ രണ്ടത്താണി, പി.കെ. അബ്ദുറബ്ബ്, സി.ടി. അഹമ്മദ് അലി, കെ.കെ. ഷാജു, എം. ഉമ്മർ, കെ. മുഹമ്മദുണ്ണി ഹാജി, തോമസ് ചാഴികാടൻ, അടൂർ പ്രകാശ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ.പി.സി.വിഷ്ണുനാഥ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഈ സർക്കാരിന്റെ വികലമായ വിദ്യാഭ്യാസ നയത്തിന്റെ ഫലമായി ഈ നാല് മാസക്കാലത്തിനുള്ളിൽ പഠനച്ചെലവിന് വകയില്ലാതെ മൂന്ന് വിദ്യാർത്ഥിനികൾ ആത്മഹത്യ ചെയ്തിരിക്കുന്നു. 2006–ലെ സ്വാശ്രയ നിയമത്തിലെ ഒരു

പാരഗ്രാഫ്പോലും നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല 2004-ലെ നിയമം ബാധകമാക്കി ആശയക്കുഴപ്പവും അവ്യക്തതയും മന:പൂർവ്വം സൃഷ്ടിച്ചിരിക്കുകയുമാണ്. മതമേലദ്ധ്യക്ഷന്മാരുമായുള്ള സമവായ ചർച്ചകൾ നടന്നുവെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ക്വാട്ടയിലുള്ള 62 സീറ്റുകൾ കുട്ടികൾക്ക് നഷ്ടപ്പെട്ടി രിക്കുകയാണ്. അവസരം നിഷേധിക്കപ്പെട്ട കുട്ടികൾക്ക് അടിയന്തിരമായി റീ-ഓപ്ഷൻ അനുവദിക്കണം. സമവായം എല്ലായിടത്തും ഉണ്ടായിട്ടില്ല. കോളേജുകളിൽ വിവിധ നിരക്കിലാണ് ഫീസ് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ വർഷത്തെ പ്രവേശനത്തിൽ ക്രമക്കേടുണ്ടെന്നാണ് ജസ്റ്റീസ് പി.എ.മുഹമ്മദ് കമ്മിറ്റി കണ്ടെത്തിയത്. സർക്കാർ എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതിന് പരിഹാരം കാണണം. സിലബസും പുസ്തകങ്ങളും അടിയന്തിരമായി ലഭ്യമാക്കണം. കാലാകാലങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കേണ്ട പരിഷ്കാര നിർദ്ദേശങ്ങൾ വിവിധ കമ്മിഷനുകൾ സമർപ്പിക്കുന്നത് നടപ്പിലാക്കാൻ ആവശ്യമായ തീരുമാനം എടുക്കണം. ലാറ്ററൽ എൻട്രി അനുവദിക്കണം. എൽ.എൽ.ബി. പ്രവേശനം ഉടൻ നടപ്പിലാക്കണം. പഠിക്കാൻ പണമില്ലാതെ വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുമ്പോൾ മന്ത്രിമാർ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വീട് മോടി പിടിപ്പിക്കുന്നത് ക്രിമിനൽ കുറ്റമാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ രംഗം മാതൃകയായതിലൂടെ ആരോഗ്യമേഖലയും മറ്റ് സേവന മേഖലകളും ലോകത്തിനുതന്നെ മാതൃകയായി. പക്ഷേ ഇന്ന് വിദ്യാഭ്യാസ മേഖല ഗുരുതരമായ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി ആരോഗ്യരംഗത്തും നിരവധി പ്രശ്നങ്ങൾ

വന്നുകൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിൽനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട പല പകർച്ചവ്യാധികളും തിരിച്ചുവന്നുകൊണ്ടിരിക്കുന്നു. ആത്മഹത്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രശ്നങ്ങളുടെയൊക്കെ അടിസ്ഥാന കാരണം കണ്ടെത്തി പരിഹരിക്കുക എന്ന ദൗത്യം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഏറ്റെടുത്തിരിക്കുകയാണ്. ആ ദൗത്യം നിറവേറ്റുന്നതിനായി കേരളം മുഴുവനും ഒറ്റക്കെട്ടായി നിൽക്കേണ്ടതുണ്ട്. ജാതി കേന്ദ്രീകൃത വ്യവസ്ഥയുടെ ഫലമായിട്ടാണ് മുമ്പ് വിദ്യാഭ്യാസ മേഖല പുറന്തള്ളപ്പെട്ടത്. എല്ലാ മേഖലയിൽനിന്നും സർക്കാർ പിന്തിരിഞ്ഞു കൊണ്ടിരിക്കുന്നു. ഇന്ന് ലോകത്ത് അറിവ് ഏറ്റവും പ്രധാനപ്പെട്ട കമ്മോഡിറ്റിയായി മാറിക്കൊണ്ടിരിക്കുന്നു. ലോകത്തിനുതന്നെ മാതൃകയായി വിദ്യാഭ്യാസ-ആരോഗ്യ മേഖലകളെ എത്തിച്ച കേരളത്തെ ആ അർത്ഥത്തിൽത്തന്നെ മുന്നോട്ടുകൊണ്ടുപോകേണ്ട ചുമതല ഏറ്റെടുക്കാൻ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം. ലിബറൽ പോളിസികൾ അന്ധമായി നടപ്പിലാക്കിയതിന്റെ ഫലമാണ് ഈ മേഖലകളിൽ കണ്ടുവരുന്നത്. സർക്കാർ പിന്തിരിയുന്ന മേഖലകളിൽ കമ്പോളം ചുവടുറപ്പിക്കുന്നതുകൊണ്ടാണ് പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ലോകത്ത് ഏറ്റവും പ്രധാനപ്പെട്ട ഒരു മാഫിയയായി സ്വകാര്യ ആശുപത്രികൾ വളർന്നു വരുന്നു. സർക്കാർ ആശുപത്രികളെ പൂട്ടാൻവേണ്ടിയാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ വിഭാവന ചെയ്യുന്നത്. കമ്പോള കേന്ദ്രീകൃത വിദ്യാഭ്യാസം മനുഷ്യകേന്ദ്രീകൃത വിദ്യാഭ്യാസമാക്കി മാറ്റാനുള്ള ദൗത്യമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് ഏറ്റെടുത്തിരിക്കുന്നത്. കേരളത്തിൽ 1-ാംക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പാൾ എന്നിവരുടെ കീഴിൽ രണ്ട് സ്ട്രീമുകളായിട്ടാണ് വിദ്യാഭ്യാസം നടക്കുന്നത്. അത് ഒറ്റ സ്ട്രീമായി

മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം. ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസ്സുകൾ പൂർണ്ണമായി ഗ്രാമ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുകയും അതിനെ നിയന്ത്രിക്കുന്നതിന് അഡീഷണൽ ഡി.പി.ഇ.യെയും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ നിയന്ത്രിക്കുന്നതിന് മറ്റൊരു അഡീഷണൽ ഡി.പി.ഇ.യെയും ചുമതലപ്പെടുത്തണം. വി.എച്ച്.എസ്.ഇ.യുടെ സിലബസ് തൊഴിൽ പ്രാപ്തമാകത്തക്കനിലയിൽ പരിഷ്ക്കരിക്കണം. 11–ാം പഞ്ചവൽസര പദ്ധതിയിലെങ്കിലും എസ്.എസ്.എ (സർവ്വ ശിക്ഷ അഭിയാൻ) യുടെ നോംസ് കേരളത്തിന് അനുയോജ്യമാകത്തക്കരീതിയിലുണ്ടാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. പ്ളസ് ടൂ കഴിയുന്ന കുട്ടികൾ എൻട്രൻസിനു വേണ്ടി മാത്രം പഠിക്കുന്നതിനാൽ വിഷയത്തെക്കുറിച്ച് ആഴമായ ജ്ഞാനം നേടാൻ കഴിയാത്തതുകൊണ്ട് എൻട്രൻസ് പരീക്ഷയിൽ സമഗ്രമായ മാറ്റം വരുത്തണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ അധ്യാപക രുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പൊതു മൂലധനം മുടക്കിയ എയ്ഡഡ് മേഖലയിൽ അൺ എയ്ഡഡ് കോഴ്സുകൾ നടത്തിക്കൊണ്ടിരിക്കുന്നതിന് മാറ്റം വരുത്തണം; എയ്ഡഡ്, അൺ എയ്ഡഡ് കോഴ്സുകൾ രണ്ടാക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് സിലബസിൽ സമഗ്രമായ മാറ്റം വരുത്തുന്നതിനുള്ള നടപടിയുണ്ടാകണം. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിച്ച് കൺവെൻഷണൽ കോഴ്സുകൾ പരിഷ്ക്കരിക്കണം. യഥാർത്ഥ ഗവേഷണമൊന്നുമില്ലാതെ അടിസ്ഥാന ഗവേഷണം കച്ചവടത്തിനുവേണ്ടിയുള്ളതായി മാറിക്കൊണ്ടിരിക്കുന്നതിനാൽ സമഗ്രമായ അഴിച്ചുപണിയുണ്ടാകണം. ക്യാമ്പസിന്റെ അരാഷ്ട്രീയ വൽക്കരണം ഇല്ലാതാക്കണം.

<u>ശ്രീ. കെ.ടി. ജലീൽ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയാണെന്ന് പറയാറുണ്ടെങ്കിലും സാമൂഹ്യ ബന്ധങ്ങളുടേയും മതമൈത്രിയുടേയും അടിസ്ഥാനത്തിൽ കേരളത്തിലെ ജനങ്ങൾ മാനസികമായി അകലുന്നതിന്റേയും സാമൂഹ്യ ബന്ധങ്ങൾ ശിഥിലമാകുന്നതിന്റേയും കാരണം പൊതു വിദ്യാഭ്യാസരംഗത്തിന്റെ ദുർബ്ബലതയാണ്. വിവിധ വിഭാഗങ്ങളിൽനിന്നും വരുന്ന കുട്ടികൾക്ക് ഒരുമിച്ച് പഠിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുത്ത പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുക എന്നതാണ് സാമൂഹ്യ ബന്ധങ്ങളും മത സൗഹാർദ്ദവും ശക്തിപ്പെടുത്താനുള്ള മാർഗ്ഗം. ഈ ഗവണ്മെന്റ് പാസ്സാക്കിയ പ്രൊഫഷണൽ വിദ്യാഭ്യാസ ബില്ലിലൂടെ എട്ട് സ്വകാര്യ മെഡിക്കൽ കോളേജുകളിലായി 50 ശതമാനം കുട്ടികൾക്ക് 12,000 രൂപ കൊടുത്ത് പഠിക്കാനുള്ള സൗകര്യമാണ് ഉണ്ടാക്കിക്കൊടുത്തത്. തൊഴിലധിഷ്ഠിതമായ പുതിയ സംസ്ക്കാരം വളർത്തിയെടുക്കുക എന്നതിന്റെ ഭാഗമായിട്ടാണ് വി.എച്ച്.എസ്.ഇ. ആരംഭിച്ചതെങ്കിലും അതിലെ പല കോഴ്സുകളും പി.എസ്.സി. അംഗീകരിച്ചിട്ടില്ലായെന്നത് വാസ്തവമാണ്. വി.എച്ച്.എസ്.ഇ. മേഖലയിൽ 15 വർഷമായിട്ടും സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ല, ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ സ്ഥിര നിയമനങ്ങൾ നടത്താതെ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്ന നടപടി അവസാനിപ്പിക്കണം. ഓപ്പൺ സ്കൂൾ സംവിധാനം കുറ്റമറ്റ രീതിയിലാക്കണം. പ്രൈവറ്റ് രജിസ്ട്രേഷന് ഏർപ്പെടുത്തിയിരിക്കുന്ന ഫീസ് കുറയ്ക്കണം. കോളേജുകളിൽ 1998-നു ശേഷം അധ്യാപക നിയമനം നടക്കാത്ത സ്ഥിതി ഗൗരവമായി കാണുകയും ആവശ്യമായ അധ്യാപകരെ നിയമിക്കുകയും വേണം. എയ്ഡഡ് കോളേജുകളിൽ അനുവദിക്കപ്പെട്ട സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിലൂടെ രണ്ടുതരം പൗരന്മാരെ

സൃഷ്ടിക്കുന്ന സംവിധാനം അവസാനിപ്പിക്കണം. വിവിധ യൂണിവേഴ്സിറ്റി കളിലെ പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയുടെ കാര്യത്തിൽ ഏകീകൃത സ്വഭാവമുണ്ടാകണം. ഓപ്പൺ യൂണിവേഴ്സിറ്റിയും മെഡിക്കൽ യൂണിവേഴ്സിറ്റിയും ആരംഭിക്കുമെന്നുമുള്ള ഗവണ്മെന്റ് പ്രഖ്യാപനം പ്രാവർത്തികമാക്കണം. സംസ്ഥാനത്ത് മലയാളം യൂണിവേഴ്സിറ്റിയും അറബിക് യൂണിവേഴ്സിറ്റിയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസരംഗം സ്തംഭനാവസ്ഥയിലാണ്. വിദ്യാർത്ഥികൾക്ക് നൽകിയ വാഗ്ദാനങ്ങൾക്ക് വിരുദ്ധമായ സമീപനമാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്. സ്വാശ്രയ ബിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ വസ്തുതാവിരുദ്ധവും ഭരണഘടനാവിരുദ്ധവുമായ അഫിഡവിറ്റാണ് ഗവണ്മെന്റ് നൽകിയത്. കേരളത്തിലെ മുസ്ലീം ന്യൂനപക്ഷത്തിന്റെ സ്ഥിതിയെക്കുറിച്ച് കേരള ശാസ്ത്ര സാഹിത്യ പരിഷത്തും കേന്ദ്ര ഗവണ്മെന്റും നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. അലിഗഡ് യൂണിവേഴ്സിറ്റിയുടെ ന്യൂനപക്ഷ പദവി തിരിച്ചുനൽകുവാൻ കേന്ദ്ര ഗവണ്മെന്റ് മുന്നോട്ടുവന്നപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്. യു.ഡി.എഫ്. ഗവണ്മെന്റ് ഏർപ്പെടുത്തിയ 20 ശതമാനം പിന്നോക്ക സംവരണം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് എടുത്തുകളഞ്ഞു. മദ്രസകൾ നവീകരണ ത്തിനെതിരെയുള്ള നടപടികൾ സ്വീകരിക്കുന്നതിലൂടെ മതസൗഹാർദ്ദത്തെ അട്ടിമറിക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. ന്യൂനപക്ഷാവകാശങ്ങളും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള അവകാശവും രണ്ടായിത്തന്നെ

കാണണം. ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ പഠിക്കുന്ന ഒന്നേ മുക്കാൽ ലക്ഷത്തോളംവരുന്ന കുട്ടികളെക്കുറിച്ചും ഹയർ സെക്കന്ററി, പ്രൈമറി ക്ളാസ്സുകളിൽ പഠിക്കുന്ന 44 ലക്ഷത്തോളം കുട്ടികളെ സംബന്ധിച്ചുമുള്ള ഗവണ്മെന്റിന്റെ കാഴ്ചപ്പാട് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. സ്വാശ്രയ വിവാദം വഴി അന്യ സംസ്ഥാനങ്ങൾക്ക് മെച്ചവും കേരളത്തിന് നഷ്ടവുമാണ് സംഭവിച്ചിരിക്കുന്നത്. 43.82 കോടി രൂപ ചെലവഴിച്ച എസ്.എസ്.എ.പദ്ധതിക്ക് രണ്ടാം ഗഡു നഷ്ടപ്പെടുന്ന സാഹചര്യ മുണ്ടാകുമോയെന്ന് പരിശോധിക്കപ്പെടണം. പാവപ്പെട്ട കുട്ടികൾ പഠിക്കുന്നതും ഗവണ്മെന്റിന് ഒരു സാമ്പത്തിക ബാദ്ധ്യതയുമില്ലാത്തതുമായ ബദൽ സ്കൂളുകളിലെ എൽ.പി. സ്കൂളുകൾ റഗുലർ സ്കൂളുകളാക്കാനുള്ള നടപടിയുണ്ടാകണം. മലബാറിനോടും മലപ്പുറത്തോടുമുള്ള അവഗണന അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലയിലെ എല്ലാ കുട്ടികൾക്കും, പ്രത്യേകിച്ച് പത്താം ക്ളാസ്സും പ്ളസ് ടൂ-വും കഴിഞ്ഞുവരുന്ന കുട്ടികൾക്ക് പഠിക്കാനുള്ള അവസരമുണ്ടാക്കണം.

ശ്രീ. രാജാജി മാത്യൂ തോമസ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിൽ മറ്റ് മേഖലകളേക്കാൾ കൂടുതൽ പ്രാധാന്യം വിദ്യാഭ്യാസ മേഖലയ്ക്കാണ്. സംസ്ഥാനത്തിന്റെ ഭാവി കരുപ്പിടിപ്പിക്കുന്നതിലും സാമൂഹ്യ വ്യവഹാരത്തിലും വിദ്യാഭ്യാസത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കുന്ന മനുഷ്യ വിഭവ ശേഷിയാണ് പല രാജ്യങ്ങളുടേയും നിലനിൽപ്പിനാധാരം. അത്തര ത്തിലുള്ള വിദ്യാഭ്യാസ സംപ്രദായം ഇന്ന് വളരെ ദൗർഭാഗ്യകരമായ സ്ഥിതിവിശേഷ ത്തിലാണ് എത്തിനിൽക്കുന്നത്. കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണ കാലത്ത് അവഗണിക്കപ്പെട്ട വിദ്യാഭ്യാസ

സമ്പ്രദായത്തിൽ മൗലികമായ മാറ്റത്തിന് തുടക്കംകുറിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ തലങ്ങൾ പരിരക്ഷിക്കാൻ ഈ സർക്കാർ നടപടികൾ സ്വീകരിച്ചു. 'ഗുണനിലവാര വിദ്യാഭ്യാസം കുട്ടികൾക്ക് അവകാശം' എന്ന പദ്ധതി സംസ്ഥാനത്ത് 104 ഹൈസ്കൂളുകളിൽ നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചു. സമൂഹ ത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന, എസ്.എസ്.എൽ.സി.ക്ക് 33 ശതമാന ത്തിന് താഴെ വിജയ ശതമാനം ലഭിച്ച സ്കൂളുകളിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ കച്ചവടക്കാരുടെ ഇടപെടൽ നിയമംമൂലം നിർത്തലാക്കാൻ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശ്രമമുണ്ടായി. കായിക താരങ്ങൾക്ക് വലിയ പ്രോൽസാഹന മാണ് ഈ ഗവൺമെന്റ് നൽകിയിട്ടുള്ളത്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ദേശീയ-അന്തർ ദേശീയ മൽസരങ്ങളിൽ വിജയിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് പ്രഖ്യാപിച്ചെങ്കിലും മൽസരങ്ങളിൽ പങ്കെടുത്ത് വിജയിച്ച ഒരാൾക്കുപോലും അവാർഡ് നൽകിയില്ല. ഈ ഗവൺമെന്റ് സ്പോർട്ട്സ് രംഗത്ത് ചൈതന്യം പകർന്നു. കായിക രംഗത്ത് പ്രതിഭാശാലികളെ കണ്ടെത്തി അവർക്ക് വേണ്ട പ്രോൽസാഹനം നൽകി ഈ രംഗത്ത് പിടിച്ചുനിർത്താനുള്ള വികസന പരിപാടിക്ക് രൂപം നൽകണം. ഒല്ലൂർ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയും ദേശീയ തലത്തിലും യൂണിവേഴ്സിറ്റി തലത്തിലും അംഗീകാരം നേടിയ കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ ബെസ്റ്റ് ലിഫ്റ്റർ കൂടിയായ ചിത്ര എന്ന കുട്ടിയുടെ ഇന്നത്തെ സ്ഥിതി ദയനീയമാണ്. ആ കുട്ടിക്ക് വേണ്ട പ്രോൽസാഹനവും സഹായവും നൽകണം. കഴിവുള്ള

ഒട്ടനവധി പ്രതിഭകളെ കണ്ടെത്തി പരമാവധി പ്രോൽസാഹനം നൽകാൻ കഴിയണം. നിലവിലുള്ള സ്പോർട്ട്സ് നയത്തിൽ സമൂലമായ മാറ്റംവരുത്തണം. ഓരോ പഞ്ചായത്തിലും കായിക രംഗത്ത് താൽപ്പര്യമുള്ള ചെറുപ്പക്കാർക്ക് വേണ്ടത്ര പ്രോൽസാഹനം നൽകി അവരുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. കായിക വിനോദത്തിന് ഒരു പ്രത്യേക ഹെഡ്ഡ് കൊണ്ടുവരണം. കലാസാംസ്കാരിക രംഗം ഊർജ്ജസ്വലമാക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയാക്കി പ്രഖ്യാപിച്ചപ്പോൾ ആ സ്ഥാപനത്തിന്റെ നവീകരണത്തിനായി അനുവദിച്ച 50 ലക്ഷം രൂപ തുച്ഛമാണെങ്കിലും സ്വാഗതം ചെയ്യുന്നു. ആ സ്ഥാപനത്തിന്റെ ഇന്നത്തെ സ്ഥിതി ദയനീയമാണ്; ഹോസ്റ്റൽ സൗകര്യം അപര്യാപ്തമാണ്. ഇത്തരം സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി കൂടുതൽ തുക ബഡ്ജറ്റിൽ വകകൊള്ളിക്കണം. ആ സ്ഥാപനത്തിലെ അദ്ധ്യാപകരുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കണം. കേരള കലാമണ്ഡലത്തിൽ ഇതുവരെ ശമ്പള പരിഷ്ക്കരണം നടപ്പാക്കിയിട്ടില്ല. ഒരു പുതിയ സർവ്വകലാശാല എന്ന നിലയിൽ സാംസ്ക്കാരിക തനിമയും കലാരംഗത്ത് മികവും തെളിയിക്കുന്ന രീതിയിൽ അവിടെ പുതിയ കോഴ്സുകൾ രൂപപ്പെടുത്താൻ വിപുലമായ ചർച്ച ഉണ്ടാകണം.

ശ്രീ. കെ.എം. മാണി: ധനാഭ്യർത്ഥനയെ എതിർക്കുന്നു. മെഡിക്കൽ കൗൺസിലിന്റെ ഡയറക്ഷൻ അനുസരിച്ച് എം.ബി.ബി.എസ്. അഡ്മിഷൻ അവസാനിച്ചിരിക്കുകയാണ്. എന്നാൽ സർക്കാർ ലിസ്റ്റിൽ മിച്ചമുള്ള 62 സീറ്റുകൾ ഫിൽ ചെയ്യാൻ സാധിക്കാത്തതുകാരണം മാനേജുമെന്റുകൾ ആ സീറ്റിലേയ്ക്ക് പ്രവേശനം നടത്തിയിരിക്കുന്നതായിട്ടാണ് അറിയുന്നത്.

4.10.2006 മുതൽ എഞ്ചിനീയറിംഗിന് അഡ്മിഷൻ തുടങ്ങുമെന്നാണ് അറിയുന്നത്. എന്നാൽ ഇപ്പോഴത്തെ നിലവച്ചു നോക്കിയാൽ അഡ്മിഷൻ പ്രോസസ്സ് പൂർത്തിയാകാൻ ഇനി രണ്ട് മാസം വേണ്ടിവരും. അതായത് കേരളത്തിലെ എഞ്ചിനീയറിംഗ്/മെഡിക്കൽ വിദ്യാർത്ഥികളുടെ ഫസ്റ്റ് സെമസ്റ്റർ നഷ്ടപ്പെടുമെന്ന് ഉറപ്പായിരിക്കുകയാണ്. ഇതിന്റെ ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണം. ഇപ്പോൾ ഗവൺമെന്റ് ഫസ്റ്റ് സെമസ്റ്റർ പോസ്റ്റ്പോൺ ചെയ്യുന്ന നടപടികളാണ് സ്വീകരിക്കുന്നത്. എയ്ഡഡ് ബി.എഡ്. കോളേജുകളിൽ ഇനിയും അഡ്മിഷൻ പൂർത്തിയാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. 15 ശതമാനം മാനേജുമെന്റിനും 85 ശതമാനം ഗവൺമെന്റിനുമാണ് ക്വാട്ട നിശ്ചയിച്ചിട്ടുള്ളത്. ബി.എഡ്. കോളേജിൽ 1260 രൂപയാണ് ഫീസ്. 85 ശതമാനം ഉണ്ടായിട്ടും അഡ്മിഷൻ വേണ്ട സമയത്ത് പൂർത്തിയാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് ന്യൂനപക്ഷ വ്യവസ്ഥകൾ തിരുത്താൻ തയ്യാറായത് വൈകിവന്ന വിവേകംമൂലമാണ്. ഇത് നേരത്തെ വേണമായിരുന്നു. വിദ്യാഭ്യാസ മന്ത്രിയുടെ പ്രസ്താവനകൾ പ്രകോപനപരമാണ്. അത്തരത്തിൽ സമുദായങ്ങളെ ഹനിക്കുന്ന പ്രഖ്യാപന ങ്ങൾ ഒരു മന്ത്രി നടത്താൻ പാടില്ല. തെറ്റായ പരസ്യ പ്രസ്താവനകൾ നടത്തുമ്പോൾ ആളുകൾ പ്രതികരിക്കും. യാഥാർത്ഥ്യ ബോധത്തോടു കൂടിയുള്ള പ്രവർത്തനത്തിലൂടെ കേരളത്തിലെ വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തണം. വിദ്യാഭ്യാസ മേഖലയിൽ തെറ്റായ നയമാണ് ഈ ഗവൺമെന്റ് തുടർന്നുവന്നിട്ടുള്ളത്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കലയും വിദ്യാഭ്യാസവും മനുഷ്യ സംസ്ക്കാരത്തിന്റെ സൂചനയാണ്. ആധുനിക കേരളത്തിന്റെ സാംസ്ക്കാരിക മുഖം ശോഭനമാക്കാനുള്ള ഗവൺമെന്റിന്റെ

നീക്കം സ്വാഗതാർഹമാണ്. കലാരംഗത്ത് പുത്തൻ ഭാവം നൽകാൻ സാംസ്ക്കാരിക വകുപ്പുമന്ത്രി ശ്രമിക്കുകയാണ്. കേരളത്തിലെ സ്കൂളുകളിൽ പ്രത്യേകിച്ച് പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ ശുചിത്വനിലവാരം വളരെ പരിതാപകരമാണ്. സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ചക്കഞ്ഞി മുടങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഉച്ചക്കഞ്ഞിക്കാവശ്യമുള്ള സാധനങ്ങൾ സ്കൂളുകൾക്ക് അടുത്തുള്ള മാവേലി സ്റ്റോറുകളിൽനിന്നും വാങ്ങാൻ നടപടി ഉണ്ടാകണം. പരീക്ഷാഭവനുകളിൽ കൃത്യസമയത്ത് മാർക്ക് ലിസ്റ്റുകൾ എത്തിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുന്നു. ജനന തീയതി തിരുത്തുന്നതിനായി ആയിരക്കണക്കിന് അപേക്ഷകൾ അവിടെ കെട്ടിക്കിടക്കുകയാണ്;. ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകണം. കേരള സർവ്വകലാശാലയിൽ പാഠ്യ പദ്ധതി, ഗവേഷണം എന്നീ രംഗങ്ങളിൽ കാലാനുസൃതമായ പരിഷ്ക്കാരം ആവശ്യമാണ്. കാലടി സംസ്കൃത സർവ്വകലാശാലയിൽ നടക്കുന്ന അഴിമതിയും ക്രമക്കേടുകളും പരിശോധിക്കാനും പാരമ്പര്യ നാടൻ കലാകാരന്മാരുടെ പെൻഷൻ വർദ്ധിപ്പിക്കാനും ചലച്ചിത്ര-നാടക രംഗത്ത് പ്രവർത്തിക്കുന്നവരുടെ ധനസഹായം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. സാഹിത്യ അക്കാഡമികളിൽ രാഷ്ട്രീയവൽക്കരണം ഒഴിവാക്കി കഴിവും പ്രാപ്തിയുമുള്ളവരെ നിയോഗിക്കണം. കേരളാ സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ചലച്ചിത്ര അക്കാഡമി ആധുനിക വൽക്കരിക്കണം സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ മുന്നിട്ടു നിൽക്കുന്ന ഫിലിം സൊസൈറ്റികളുടെ ശോച്യാവസ്ഥ പരിഹരിക്കണം. ചലച്ചിത്ര മേളകൾ എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽക്കൂടി സംഘടിപ്പി ക്കണം. കുട്ടികളുടെ കവിയായ കുഞ്ഞുണ്ണിമാഷിന്റെ സ്മരണയ്ക്കായി ഒരു

സ്മാരകം നിർമ്മിക്കുന്നതിനും മഹാകവി ജി.-യുടെ ജന്മഗൃഹം ഏറ്റെടുത്ത് സ്മാരകമാക്കുന്നതിനും നടപടി സ്വീകരിക്കണം. മുനിസിപ്പാലിറ്റികൾ പിരിച്ചെടുക്കുന്ന സെസ്സ് ലൈബ്രറി പ്രവർത്തനത്തിനുതന്നെ വിനിയോഗി ക്കുന്നുണ്ടോയെന്നും ആ തുക ലൈബ്രറി കൗൺസിലിന് ലഭിക്കുന്നുണ്ടോ യെന്നും പരിശോധിക്കണം. തുടർ വിദ്യാകേന്ദ്രങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് അമിതഫീസ് ഈടാക്കുന്നതിനാൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.. പ്രവേശനം, അധ്യയനം, മാധ്യമം, അദ്ധ്യാപക നിയമനം, യോഗ്യത, ഫീസ് ഈടാക്കൽ എന്നീ കാര്യങ്ങളിൽ യാതൊരു നിയന്ത്രണവുമില്ലാതെ സംസ്ഥാനത്ത് അൺ-എയ്ഡഡ് സ്ക്കൂൾ അനുവദിച്ചത് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്തായിരുന്നു. അതിനൊരു മാറ്റം വരുത്തിക്കൊണ്ട് പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളെ വരേണ്യവൽക്കരിച്ചതും പൊതു വിദ്യാഭ്യാസ മേഖലയെ തകർത്ത് തരിപ്പണമാക്കിയതും യു.ഡി.എഫ്. ഗവണ്മെന്റാണ്. സാമൂഹ്യനീതിക്കും ഗുണമേന്മയ്ക്കും തുല്യപ്രാധാന്യം കൊടുത്തുകൊണ്ട്, ന്യൂനപക്ഷ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തി ക്കൊണ്ടാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് സ്വാശ്രയ നിയമം പാസ്സാക്കിയത്. ഗവണ്മെന്റ് നിർദ്ദേശം മറികടന്നുകൊണ്ട് മെഡിക്കൽ സീറ്റിൽ പ്രവേശനം നടത്തിയതിന്റെ ഫലമായി പഠിക്കാൻ അവസരം നഷ്ടപ്പെട്ട 62 കുട്ടികൾക്ക് പ്രവേശനം നൽകാൻ നടപടി സ്വീകരിക്കണം. വിദേശങ്ങളിൽ പോയി മൽസരിച്ച് മെഡലുകളുമായി തിരിച്ചുവരുന്ന കേരളത്തിലെ കായിക

താരങ്ങൾക്ക് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ പലതും കൊടുത്തിട്ടില്ല. നാടിന്റെ അഭിമാനവും യശസ്സും വാനോളം ഉയർത്തിയ കായികതാരങ്ങളെ സംരക്ഷിക്കാനായി സ്പോർട്ട്സ് നിയമം വീണ്ടും കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസത്തിന്റെ ആരംഭകാലത്തിൽത്തന്നെ കലാ-കായിക വിഷയങ്ങളിൽ കുട്ടികൾക്ക് ശിക്ഷണം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും സങ്കീർണ്ണ പ്രശ്നമായ സ്വാശ്രയ മേഖലയിലെ കുഴപ്പങ്ങൾക്ക് കാരണം ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റാണ്. ആ മേഖലയെ പുനർക്രമീകരിക്കുക എന്ന ദൗത്യം ഏറ്റെടുത്തുകൊണ്ട്, സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കാനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് സ്വാശ്രയനിയമം പാസ്സാക്കിയത്. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ സീറ്റ് നിഷേധിച്ചതിന്റെ ഫലമായി ആശങ്കയിലായ 62 കുട്ടികളുടെ കാര്യത്തിൽ അനകൂലമായ നിലപാട് സ്വീകരിച്ച് അവരുടെ ഭാവി സംരക്ഷിക്കണം. സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കായിക രംഗത്തെ മാറ്റാനും കായികരംഗത്തെ പ്രതിഭാശാലികളായ കുട്ടികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കാനും നടപടികൾ സ്വീകരിക്കണം. കുട്ടികളുടെ എണ്ണം നോക്കാതെ കായികാദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കണം. കായിക രംഗത്തിന് കൂടുതൽ പ്രോൽസാഹനം നൽകാനായി ഒരു കായിക നയം ഗവണ്മെന്റ് ആവിഷ്ക്കരിക്കണം എം.എൽ.എ.-മാരുടെയും ത്രിതല പഞ്ചായത്തിന്റെയും സഹകരണത്തോടുകൂടി എല്ലാ പഞ്ചായത്തുകളിലും ഗ്രാമീണ കളിക്കളങ്ങൾ രൂപീകരിച്ച് വളർന്നുവരുന്ന കായിക പ്രതിഭകൾക്ക്

പ്രോൽസാഹനം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. സർക്കാർ സ്ക്കൂളുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി ഏകീകരിക്കുകയും പുനർക്രമീകരിക്കുകയും ചെയ്യണം. വി.എച്ച്.എസ്.ഇ. മേഖലയിൽ സ്ഥിരാദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് നിർണ്ണായകമായി പ്രവർത്തിക്കേണ്ട സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ ഗവണ്മെന്റ് ഇടപെടണം. എയ്ഡഡ് മേഖലയിലും ഗവണ്മെന്റ് സ്ക്കൂളുകളിലും പുതിയ കോഴ്സുകൾ അനുവദിക്കണം. സ്ക്കൂൾ പാചകത്തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്ന കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. തോമസ് ചാണ്ടി</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പ്രായോഗികമായി ആരും ചിന്തിക്കുന്നില്ല. മെഡിക്കൽ-എൻജിനീയറിംഗ് തുടങ്ങിയ കോഴ്സുകൾക്ക് സംസ്ഥാനത്ത് അഡ്മിഷൻ കിട്ടാത്ത ആയിരക്കണക്കിന് വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിൽ പോയി പഠിക്കുകയും ഈവകയിൽ കോടിക്കണക്കിന് രൂപ അന്യസംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകിപ്പോകുകയും ചെയ്യുന്ന സ്ഥിതിക്ക് പരിഹാരം കാണണം.. കേരളത്തിലുള്ളവർ വിദേശത്തുപോയി ചികിൽസ തേടുന്ന സംവിധാനത്തിന് മാറ്റമുണ്ടാക്കാൻ ലോകത്ത് ലഭ്യമായ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ആശുപത്രികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ഫസ്റ്റ് ക്ളാസ്സും ഡിസ്റ്റിംഗ്ഷനും ഉള്ള കുട്ടികൾക്ക് 50 ശതമാനം മാനേജ്മെന്റ് സീറ്റിൽ അവർ നിശ്ചയിക്കുന്ന ഫീസിന് പ്രവേശനം നൽകുന്നതിനുള്ള അവകാശം മാനേജ്മെന്റിനു നൽകുകയും 50 ശതമാനം

സീറ്റിൽ ഗവണ്മെന്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും പ്രവേശനം നൽകി ഗവണ്മെന്റ് ഫീസിൽ പഠിപ്പിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കാനുള്ള ആർജ്ജവം കാണിക്കണം.

<u>ശ്രീ.എ.കെ.ശശീന്ദ്രൻ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവണ്മെന്റ് വിദ്യാഭ്യാസ മേഖലയിൽ സർക്കാർ പണം മുടക്കുകയില്ല എന്ന നിലപാടും വിദ്യാഭ്യാസ മേഖലയെ കച്ചവടവൽക്കരിക്കാൻ വിട്ടുകൊടുക്കുക എന്ന നിലപാടും സ്വീകരിച്ചതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖല തകർന്നുതരിപ്പണമാകുകയും കാശുള്ളവന് മാത്രം പഠിക്കാൻ കഴിയുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്തതിന് ഒരു മാറ്റം വരുത്താനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് ഈ മേഖലയിൽ സമഗ്രമായൊരു നിയമനിർമ്മാണമുണ്ടാക്കാൻ തീരുമാനിച്ചത്. നിയമസഭ പാസ്സാക്കിയ സ്വാശ്രയ നിയമത്തിന്റെ 8(ബി), (സി) എന്നീ വകുപ്പുകളെക്കുറിച്ചാണ് തർക്കമുണ്ടായത്. കോടതി ഉത്തരവുകളും മറ്റ് വിമർശനങ്ങളും വരികയും സാമുദായിക വികാരം ഇളക്കിവിടുന്ന രീതിയിൽ പ്രവർത്തിക്കുകയും ചെയ്ത് ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ സർക്കാരിനെ അനുവദിക്കാത്ത സ്ഥിതിവിശേഷമുണ്ടാക്കി. സർക്കാർ-സ്വകാര്യ കോളേജുകളിലെ ഫീസ് ഏകീകരിക്കണമെന്ന ആവശ്യവും അംഗീകരിച്ചില്ല. വിദ്യാഭ്യാസ മേഖലയെ കച്ചവടച്ചരക്കാക്കാനുള്ള കുത്സിത ശ്രമങ്ങൾ നടത്തുന്നവർക്കെതിരെ അതിശക്തമായ നിയമനിർമ്മാണവുമായി ഈ സർക്കാർ മുന്നോട്ടുപോവുകയാണ്. മതമേലദ്ധ്യക്ഷൻമാരും കോർപ്പറേറ്റ് മാനേജുമെന്റുകളും വിദ്യാഭ്യാസ മേഖലയ്ക്ക് നൽകിയ സംഭാവനകളെ കുറച്ചുകാണാൻ ശ്രമിച്ചിട്ടില്ലെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. മെറിറ്റിൽ വരുന്ന വിദ്യാർത്ഥികൾക്ക്

പഠിക്കാൻ അവസരം സൃഷ്ടിക്കുന്നതുവഴി സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. +2 സ്ക്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ +2 സ്ക്കൂളുകളും ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളും അനുവദിക്കണം. കായിക മേഖല പുഷ്ടിപ്പെടു ത്താൻ എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതോടൊപ്പം സർക്കാരിന്റെ വിഹിതവും ലഭ്യമാക്കണം. എല്ലാ പഞ്ചായത്തുകളിലും മിനി സ്റ്റേഡിയം നിർമ്മിക്കണം. സ്പോർട്ട്സ് ബില്ലിലെ അപാകതകൾ പരിഹരിച്ച് നടപ്പിലാക്കണം. സ്ക്കൂൾതലം മുതൽ വിദ്യാർത്ഥികളെ ഫുട്ബോൾ പോലുള്ള കളികൾ പരിശീലിപ്പിക്കാനുള്ള നടപടികൾ ഉൾപ്പെടുത്തി സമഗ്രമായ ഒരു സ്പോർട്ട്സ് നയം കൊണ്ടുവരണം. കായിക മേഖലയെ ശക്തിപ്പെടുത്തി കേരളത്തെ ലോകത്തിനുതന്നെ മാതൃകയാക്കാൻ ശ്രമിക്കണം.

<u>ശ്രീ. പി.വിശ്വൻ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സമൂഹത്തിന്റെ ഭൗതിക വളർച്ചയ്ക്ക് പങ്കാളിത്തം വഹിക്കുന്ന കായിക മേഖലയിൽ കേരളത്തിന്റെ സംഭാവന വളരെ വലുതാണ്. കഴിഞ്ഞ സർക്കാർ ഈ മേഖലയെ പാടെ അവഗണിക്കുകയാണ് ചെയ്തത്. സ്പോർട്ട്സ് ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ താഴെത്തട്ടുവരെ നടപ്പിലാക്കാനുള്ള ഇച്ഛാശക്തി ഈ സർക്കാരിന് ഉണ്ടാകണം. വളരുന്ന തലമുറയ്ക്ക് കായിക സംസ്ക്കാരം ഊട്ടിയുറപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. എല്ലാ സ്ക്കൂളുകളിലും കോളേജുകളിലും പി.ടി. അദ്ധ്യാപകരെ നിയമിക്കാനും അവർക്ക് പരിശീലനം നൽകാനും നടപടിയുണ്ടാകണം. സ്പോർട്ട്സ് കൗൺസിൽ പുന:സംഘടിപ്പിച്ചതിനെ

സ്വാഗതം ചെയ്യുന്നു. സ്കൂൾ–കോളേജ് തലങ്ങളിൽ സ്പോർട്ട്സിനെ പ്രോൽസാഹിപ്പിക്കുന്ന വിവിധ ഘടകങ്ങളെ കോ–ഓർഡിനേറ്റ് ചെയ്യണം. പാഠ്യപദ്ധതിയിൽ സ്പോർട്ട്സ് ഒരു വിഷയമാക്കണം. വടകരയിലെ കളരി അക്കാഡമി, നടുവണ്ണൂർ വോളിബോൾ അക്കാഡമി എന്നിവയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കണം. വികലാംഗരെ കായികരംഗത്ത് കൊണ്ടുവന്ന് മുഖ്യധാരയുടെ ഭാഗമാക്കണം. ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കുറ്റമറ്റതാക്കാൻ ഈ സർക്കാരിന് സാധിച്ചത് അഭിനന്ദനാർഹമാണ്. സാംസ്ക്കാരിക പ്രസിദ്ധീകരണങ്ങൾ ജനപിന്തുണ ആർജ്ജിക്കത്തക്കവിധം വിപുലപ്പെടുത്തണം. വേൾഡ് ക്ളാസ്സിക്കുകൾ മലയാള ഭാഷയിലേയ്ക്ക് തർജ്ജമ ചെയ്ത് കേരള ജനതയ്ക്ക് ലഭ്യമാക്കണം. തായമ്പക വിദ്വാനായ കുഞ്ഞികൃഷ്ണമാരാർക്കും കഥകളി വിദ്വാൻ ഗുരു ചേമഞ്ചേരി കുഞ്ഞിരാമനും പെൻഷൻ നൽകാൻ നടപടിയെടുക്കണം. മയ്യഴിപ്പുഴയുടെ തീരത്തുള്ള കുഞ്ഞാലിമരയ്ക്കാരുടെ വീട് സന്ദർശകർക്ക് തുറന്നു കൊടുക്കണം. പാവപ്പെട്ടവരുടെ ഉന്നമനം ഉറപ്പാക്കുന്ന ഗാന്ധിജിയുടെയും ടാഗോറിന്റെയും വിദ്യാഭ്യാസ ചിന്തകളാണ് ഈ സർക്കാർ വിദ്യാഭ്യാസ രംഗത്ത് സ്വീകരിച്ചിരിക്കുന്നതെന്നത് ശ്രദ്ധേയമാണ്. ഈ ഗവൺമെന്റിന്റെ സ്വാശ്രയ വിദ്യാഭ്യാസ നിയമം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ചുരുങ്ങിയ ചെലവിൽ മെഡിസിനും എഞ്ചിനീയറിംഗിനും മറ്റും പഠിക്കാൻ സഹായകരമാകുന്നതാണ്. ഓരോ പൗരന്റെയും ഭൗതിക വളർച്ച ഉറപ്പാക്കുന്ന വിദ്യാഭ്യാസ നയം എന്ന കാഴ്ചപ്പാടാണ് ഈ സർക്കാരിനുള്ളത്. വിദ്യാഭ്യാസരംഗത്ത് ആഭ്യന്തര ഉൽപ്പാദനരംഗത്തെ വളർച്ച ലാക്കാക്കിക്കൊണ്ട് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വ്യാപകമാക്കണം. ഉന്നത

വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള നോൺ-ടീച്ചിംഗ് സ്റ്റാഫിന്റേതുൾപ്പെടെയുള്ള ഒഴിവുകൾ നികത്തണം. എയിഡഡ് സ്കൂളുകളിൽ അൺ എയിഡഡ് കോഴ്സുകൾ ആരംഭിക്കണം. കൊയിലാണ്ടി, പേരാമ്പ്ര, വടകര എന്നിവിടങ്ങളിലെ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കണം.

ശ്രീ.കെ.സി.വേണുഗോപാൽ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രസ്താവനകളുടെ ഫലമായാണ് ന്യൂനപക്ഷങ്ങൾ സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിന് എതിരായത്. എൽ.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ നാല് മാസത്തിനിടയിൽ വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്താൻ ഒരു ശ്രമവും നടത്തിയിട്ടില്ല. ഗവൺമെന്റ് കോളേജുകളിലും ഗവൺമെന്റ് നിയന്ത്രിക്കുന്ന ഇൻസ്റ്റിറ്റ്യൂഷനുകളിലും ഗവൺമെന്റ് ഫീസ് നടപ്പിലാക്കിയിട്ടില്ല. ന്യൂനപക്ഷ സമുദായങ്ങളെ ഇല്ലാതാക്കുന്ന ഒരു ക്ളാസ് നിയമസഭയിലെ ഭൂരിപക്ഷം ഉപയോഗിച്ച് പാസ്സാക്കാൻ പാടില്ല. ഒരു പ്രൊസീഡ്യുവറും നോക്കാതെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു രാത്രികൊണ്ട് ശ്രീകൃഷ്ണ ഫാർമസി കോളേജ് (പാറശ്ശാല), കിംസ് നഴ്സിംഗ് കോളേജ് (തിരുവനന്തപുരം), നൈറ്റിംഗേൽ നഴ്സിംഗ് കോളേജ് (നെടുമങ്ങാട്) എന്നിവയ്ക്ക് അംഗീകാരം കൊടുത്തു. വിദ്യാഭ്യാസ മേഖലയിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന അനിശ്ചിതത്വം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഗുണകരമല്ലെന്ന യാഥാർത്ഥ്യം വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉൾക്കൊള്ളണം. കായിക മേഖലയിൽ ആവശ്യമായ മാറ്റങ്ങളുണ്ടാക്കണം. സ്ക്കൂൾ കായിക മേഖലയും സ്ക്കൂൾ പരിശീലന മേഖലയും ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരണം. വിദ്യാർത്ഥികൾക്ക് ഗുണനിലവാരവും അവയർനെസ്സും മെച്ചപ്പെടുത്താൻവേണ്ടിയാണ് ഹയർ സെക്കന്ററി മേഖലയിൽ ഗ്രേഡിംഗ്

സംപ്രദായം ഏർപ്പെടുത്തിയത്. ഹയർ സെക്കന്ററി സ്ക്കൂളുകൾക്ക് ശനിയാഴ്ച പ്രവൃത്തി ദിവസമെന്നുള്ളത് ഒഴിവാക്കണം. ലിങ്കോ കമ്മിറ്റി റിപ്പോർട്ട് വളരെ സീരിയസ്സായി സുപ്രീം കോടതി പരിഗണിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ ഇലക്ഷൻ നടക്കുന്ന യൂണിവേഴ്സിറ്റികളും അല്ലാത്ത യൂണിവേഴ്സിറ്റികളുമുള്ളതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺ മെന്റിന്റെ നിലപാട് വ്യക്തമാക്കണം. ഇന്ന് വിദ്യാഭ്യാസ മേഖലയിലാകെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങൾ പൊതുവായി നമ്മുടെ സമൂഹത്തിന് ദോഷം ചെയ്യുന്നതാണ്.

<u>ശ്രീ.എ.പ്രദീപ്കുമാർ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സ്പോർട്ട്സ് ആന്റ് യൂത്ത് അഫയേഴ്സിന് പ്രത്യേകം ബഡ്ജറ്റ് ഹെഡ് അനുവദിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് കായിക രംഗം തകർത്ത് തരിപ്പണമാക്കിയത്. സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ കഴിഞ്ഞ കാലത്ത് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളിലും നിയമനങ്ങളിലും മറ്റും ഉയർന്നുവന്ന വിവാദങ്ങൾ വിജിലൻസ് വകുപ്പിനെ ക്കൊണ്ട് അന്വേഷിപ്പിക്കുമെന്നുള്ള സ്പോർട്ട്സ് വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്പോർട്ട്സിന്റെ പശ്ചാത്തല വികസനത്തിനുവേണ്ടി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തിരുവനന്തപുരത്ത് 70 ലക്ഷത്തോളം രൂപ മുടക്കി നിർമ്മാണമാരംഭിച്ച സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം പുനരാരംഭിക്കണം. പുതിയ കളിക്കളവും ആധുനിക പരിശീലന കേന്ദ്രങ്ങളുമുണ്ടാക്കണം. കഴിഞ്ഞ 5 വർഷം കായിക താരങ്ങളെ പൂർണ്ണ മായും അവഗണിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രതിവർഷം 20 കായിക താരങ്ങൾക്ക് അനുവദിച്ചിരുന്ന നിയമനം യു.ഡി.എഫ് ഗവൺമെന്റിന്റെ

ഭരണ കാലത്ത് നൽകിയിരുന്നില്ല. കായിക കേരളത്തിന്റെ പുരോഗതിക്ക് സമുജ്ജ്വല സംഭാവന നൽകിയിട്ടുള്ള കെ.എസ്.ഇ.ബി.യുടേയും കെ.എസ്.ആർ.ടി.സി.യുടേയും ടീമുകൾ പ്രവർത്തനക്ഷമമാക്കണം. കായിക താരങ്ങൾക്ക് അനുവദിച്ചിരുന്ന ഇൻഷ്വറൻസ് പദ്ധതി യു.ഡി.എഫ്. ഗവൺമെന്റ് അട്ടിമറിച്ചു; അത് പുനരാരംഭിക്കണം. സ്പോർട്ട്സ് നിയമം പ്രാവർത്തികമാക്കാത്തതിന്റെ ഫലമായി ഗോദവർമ്മരാജയുടെ കാലം മുതൽ നല്ല നിലയിൽ പ്രവർത്തിച്ചുവന്ന സ്പോർട്ട്സ് കൗൺസിൽ നാമാവശേഷ മായി. കായികതാരങ്ങൾക്ക് യാതൊന്നും ചെയ്തില്ലെന്നു മാത്രമല്ല കലാമണ്ഡലത്തെ ലക്ഷക്കണക്കിന് രൂപ കൊള്ളയടിക്കാനുള്ള ഒരു കൂത്തരങ്ങാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. അതിന് പരിഹാര മുണ്ടാക്കാനുള്ള ആത്മാർത്ഥമായ ശ്രമം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. 'എല്ലാവർക്കും ആരോഗ്യം, എല്ലാവർക്കും സ്പോർട്ട്സ്' എന്ന കാഴ്ചപ്പാടിനെ ആസ്പദമാക്കിക്കൊണ്ടുള്ള ഒരു സ്പോർട്ട്സ് നയം രൂപീകരിക്കുകയും അതിന് വിധേയമായി സ്പോർട്ട്സ് നിയമമുണ്ടാക്കുകയും വേണം. നിലവിലുള്ള നിയമത്തിലെ അപാകത പരിഹരിക്കണം. യു.ഡി.എഫ്-ന്റെ കാലത്ത് അട്ടിമറിക്കപ്പെട്ട കായിക താരങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി പുന:സ്ഥാപിക്കണം. സ്പോർട്ട്സ് ക്വാട്ട വഴിയുള്ള നിയമനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. കളി സ്ഥലങ്ങൾ സംരക്ഷിക്കാൻ നിയമം കൊണ്ടുവരണം. കോഴിക്കോട് ഒരു സിന്തറ്റിക്ക് ട്രാക്ക് ഉണ്ടാക്കണം. പഞ്ചായത്തുകൾക്ക് കൊടുക്കുന്ന ഫണ്ടിൽ ഒരു നിശ്ചിത ശതമാനം സ്പോർട്ട്സിന് നീക്കിവയ്ക്കണം. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം ഇത്രയുമധികം സങ്കീർണ്ണമായത് യു.ഡി.എഫ്-ന്റെ 5

വർഷത്തെ ഭരണം കൊണ്ടാണ്. അധാർമ്മികമെന്നു കരുതിയ പല കാര്യങ്ങളും യു.ഡി.എഫ്–ന്റെ കാലത്ത് യഥേഷ്ടം നടപ്പിലാക്കി. 2004–ൽ കൊണ്ടുവന്ന നിയമത്തിൽ യു.ഡി.എഫ്–ന്റെ ഭരണകാലത്ത് മാനേജുമെന്റു കൾക്ക് കോടതിയെ സമീപിക്കാനും അനുകൂലമായ വിധി സമ്പാദിക്കാനും ആവശ്യമായ പഴുതുകളുണ്ടാക്കി കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമം ഉന്നത വിദ്യാഭ്യാസ രംഗത്ത് മെറിറ്റും സംവരണവും സാമൂഹ്യ നീതിയും ഉറപ്പുവരുത്താൻ ഉതകുന്നതാണ്. ആ നിയമം നടപ്പിലാക്കിയതിന്റെ ഫലമായിട്ടാണ് സെൽഫ് ഫൈനാൻസിംഗ് കോളേജുകളിൽ 50 ശതമാനം സർക്കാർ ഫീസ് അനുസരിച്ചുള്ള വ്യവസ്ഥകൾ അംഗീകരിക്കപ്പെട്ടത്. കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിൽ ഈ നിയമം നടപ്പിലാക്കി. സർക്കാർ എയിഡഡ് കോളേജുകളിൽ വാങ്ങിക്കൊണ്ടിരിക്കുന്ന കോഴ നിയന്ത്രി ക്കുന്നതിന് നിയമം കൊണ്ടുവരണം. ഉന്നത വിദ്യാഭ്യാസരംഗത്ത് ആവശ്യമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരുന്നതിന് നേതൃത്വം കൊടുക്കാൻ കഴിയുന്ന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കണം. അദ്ധ്യാപന രീതിയിലും ഉള്ളടക്കത്തിലും മാത്രം മാറ്റം വരുത്തുന്നതുകൊണ്ട് ഗുണമേന്മ യുള്ള വിദ്യാഭ്യാസം വളർത്തിയെടുക്കുന്നതിന് സാധിക്കുകയില്ല. സ്ക്കൂളു കളുടെ ശോച്യാവസ്ഥ മാറ്റിയെടുക്കുന്നതിന് പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. അൺ എയ്ഡഡ് സ്ക്കൂളുകളുടെ മാതൃകയിൽ ആളുകളെ ആകർഷിക്കുന്ന തരത്തിലുള്ള ക്യാമ്പസ് അറ്റ്മോസ്ഫിയറിലേയ്ക്ക് സംസ്ഥാനത്തെ സർക്കാർ സ്ക്കൂളുകളെ കൊണ്ടുവരുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ മേഖല ഏത് കാലത്തും ചൂടേറിയ സംവാദങ്ങൾക്കും വിവാദങ്ങൾക്കും വഴി തെളിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷം ഭരിച്ച ഐക്യജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കിയ ജനവിരുദ്ധമായ വിദ്യാഭ്യാസ നയത്തെത്തുടർന്നുണ്ടായ പ്രത്യാഘാതങ്ങൾ മറികടക്കുന്നതിനുവേണ്ടി ഈ സർക്കാർ നടത്തിയ പരിശ്രമത്തിന്റെ ഫലമായി പാവപ്പെട്ടവനും പണക്കാരനുമെന്ന വ്യത്യാസമില്ലാതെ മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗം വരെ എത്തിച്ചേരുന്നതിനുള്ള സ്ഥിതിവിശേഷം ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുണ്ട്. കേരളം നേടിയെടുത്ത എല്ലാ നേട്ടങ്ങളെയും തകിടം മറിക്കുന്ന നയമാണ് യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ 5 വർഷവും സ്വീകരിച്ചിട്ടുള്ളത്. പൊതു വിദ്യാഭ്യാസ രംഗത്തെ സമ്പൂർണ്ണമായി തകർക്കുന്ന സമീപനമാണ് യു.ഡി.എഫ്. സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറയുകയും അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ ഇത് ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളും മിടുക്കരായ അദ്ധ്യാപകരും ധാരാളമുള്ള സർക്കാർ സ്ക്കൂളുകളിൽ വിദ്യാർത്ഥികൾ കുറയുന്നതിന്റെ കാരണം വളരെ ഗൗരവപൂർവ്വം സഭ ചർച്ച ചെയ്യണം. സംസ്ഥാനത്ത് ആകെയുള്ള 356 ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ 39 സർക്കാർ കോളേജുകളും 150 എയ്ഡഡ് കോളേജുകളും 167 അൺ എയ്ഡഡ് കോളേജുകളുമാണുള്ളത്. ഇതിൽ ഭൂരിപക്ഷം കോളേജുകളും ഐക്യജനാധിപത്യ മുന്നണി സർക്കാർ അനുവദിച്ചിട്ടുള്ള അൺ എയ്ഡഡ് സ്ഥാപനങ്ങളാണ്. ഉന്നത വിദ്യാഭ്യാസം സമ്പൂർണ്ണമായി നടപ്പാക്കിയിരുന്നത് സർക്കാർ മേഖലയിലായിരുന്നു.

എഞ്ചിനീയറിംഗ് കോളേജുകളിൽ ഉണ്ടായിരുന്ന 4844 സീറ്റുകൾ ഇന്ന് 25,000 ആക്കി വർദ്ധിപ്പിക്കുകയും 20,000–ലധികം സീറ്റുകൾ അൺ എയ്ഡഡ് മേഖലയിലാക്കി മാറ്റുകയും ചെയ്തതിന്റെ ഫലമായി പൊതു വിദ്യാഭ്യാസ മേഖലയിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും അസന്തുലിതാവസ്ഥ ഉണ്ടായിരിക്കുകയാണ്. എയ്ഡഡ് /സർക്കാർ സ്കൂളുകളിൽ അൺ എയ്ഡഡ് ബാച്ചുകൾ ആരംഭിച്ചതിന്റെ ഫലമായി സർക്കാർ പിൻവാങ്ങുന്ന ഒരു സാമ്പത്തിക നയം വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുകയാണ് ഐക്യജനാധിപത്യ മുന്നണി സർക്കാർ ചെയ്തിട്ടുള്ളത്. സർക്കാർ സ്കൂളുകളിൽ അൺ എയ്ഡഡ് ബാച്ചുകൾ അനുവദിക്കുന്നതിൽനിന്ന് സർക്കാർ പിന്മാറണം. സർക്കാർ സ്ക്കൂളുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശോച്യാവസ്ഥയ്ക്കുള്ള കാരണം കക്ഷി രാഷ്ട്രീയത്തിനതീതമായി ചർച്ച ചെയ്യണം. സർക്കാർ സ്ക്കൂളുകളിലെ അദ്ധ്യാപകർപോലും അവരുടെ കുട്ടികളെ അൺ എയ്ഡഡ് സ്ക്കൂളുകളിലേയ്ക്ക് അയയ്ക്കുന്ന സംസ്ക്കാരം വളർന്നുവരുന്നു. ഉന്നത വിദ്യാഭ്യാസ മേഖല പണക്കാർക്കു മാത്രമായി മാറ്റിയതിലൂടെ വിദ്യാഭ്യാസത്തെ വില്പനച്ചരക്കാക്കി മാറ്റിയതിന്റെ പൂർണ്ണ ഉത്തരവാദിത്വം യു.ഡി.എഫ്. ഗവണ്മെന്റിനാണ്. സ്വാശ്രയത്വം എന്ന വലിയ സങ്കല്പത്തിന് കടകവിരുദ്ധമായ പേരായതിനാൽ സ്വാശ്രയ കോളേജ് എന്ന പേര് മാറ്റണം. പൊതു വിദ്യാഭ്യാസ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രാഥമിക തലം മുതൽ ഉന്നത വിദ്യാഭ്യാസ തലം വരെ ബാധിക്കുന്ന തരത്തിലുള്ള സമഗ്രവും ശാസ്ത്രീയവുമായ നയം ശക്തമായി നടപ്പിലാക്കണം. കേരളപ്പിറവിയുടെ 50–ാം വാർഷികത്തിന്റെ സ്മാരകമായി 'മലയാളഭാഷാ സർവ്വകലാശാല' സ്ഥാപിക്കാൻ മുൻകൈയെടുക്കണം.

വിദ്യാർത്ഥി സംഘടനകളുടെ രാഷ്ട്രീയം നിരോധിച്ചതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. 'ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി' പരാജയപ്പെടാതിയിരിക്കണമെങ്കിൽ സ്കൂളുകളിലും കോളേജുകളിലും ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരേയും. വിദേശ കോച്ചുകളേയും നിയമിക്കണം.

ശ്രീ. എ.എം. ആരിഫ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പ്രധാന പാർട്ടി വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യണം എന്ന ആവശ്യം പരിഗണിച്ചുകൊണ്ടുള്ള മാറ്റം വിദ്യാഭ്യാസരംഗത്ത് നല്ല പരിവർത്തനത്തിനു സഹായകമായിട്ടുണ്ട്. കഴിഞ്ഞ ഭരണകാലത്ത് വിദ്യാഭ്യാസരംഗം ആന കയറിയ കരിമ്പിൻതോട്ടം പോലെയായിരുന്നു. അൺ എക്ണോമിക് സ്കൂളുകളെ വിലയിരുത്തുകയും അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കുകയും ചെയ്തു. യു.ഡി.എഫ്. ഗവൺമെന്റ്. എസ്.എസ്.എൽ.സി. പരീക്ഷ പോലും അട്ടിമറിച്ചു 2006-ലെ സ്വാശ്രയ വിദ്യാഭ്യാസ നിയമം നടപ്പിലാക്കിയെടുക്കാൻ ശ്രമിച്ചതിന്റെ ഫലമായി 50 ശതമാനം വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസിൽ പഠിക്കുവാനുള്ള അവസരം ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഒരു കരുത്തുറ്റ നിയമം ഉണ്ടായിരിക്കുന്നുവെന്നാണ് പുതിയ നിയമത്തെപ്പറ്റി സാംസ്ക്കാരിക നായകൻമാരും പണ്ഡിതൻമാരും അഭിപ്രായപ്പെട്ടത്. സാംസ്ക്കാരിക രംഗം, പ്രത്യേകിച്ച് സിനിമാരംഗം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. തീയേറ്ററുകൾ ലാഭകരമല്ലാത്തതിനാൽ അടച്ചുപൂട്ടേണ്ട സാഹചര്യം ഉണ്ടായിരിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുവാനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. ആർട്ട് ഗ്യാലറിയിൽ 24 ചിത്രങ്ങൾക്ക് കേടുപാടുണ്ടായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള നടപടി സ്വീകരിക്കണം. സ്ക്കൂൾ

പരിസരങ്ങളിൽ അശ്ലീല സിനിമ പരസ്യം പതിക്കുന്നത് തടയണം. ഐ.എച്ച്.ആർ.ഡി.-യുടെയും കേപ്പിന്റെയും കീഴിൽ പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുകയും എസ്.ടി. വിദ്യാർത്ഥികളെ എൻട്രൻസ് പരീക്ഷ എഴുതുവാൻ പ്രാപ്തരാക്കുന്നതിന് സ്പെഷ്യൽ കോച്ചിംഗ് നല്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. സ്പോർട്ട്സ് രംഗത്ത് മികവുറ്റ വിജയം കൈവരിക്കുന്നതിനുവേണ്ടി മറ്റുള്ള രാജ്യങ്ങൾ സ്വീകരിച്ചിട്ടുള്ള മാതൃക അവലംബിച്ചുകൊണ്ട് കായികപ്രതിഭകൾക്ക് പ്രത്യേക പരിശീലനം നല്കുന്നതിന് ഒരു കായികനയം ആവിഷ്ക്കരിക്കണം. 2002-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന സ്പോർട്ട്സ് നിയമം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ.സി. ജോസഫ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും തകർത്ത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഈ ധനാഭ്യർത്ഥന അവതരിപ്പിക്കുവാൻ ധാർമ്മികമായി യാതൊരവകാശവുമില്ല. പ്രൈമറി വിദ്യാഭ്യാസ മേഖലയാകെ കടുത്ത അവഗണനയിലും അനിശ്ചിതത്വത്തിലുമാണ്. സെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ കരിക്കുലം പരിഷ്ക്കരണം തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ വകുപ്പുമന്ത്രി തയ്യാറായിട്ടില്ല. സ്വാശ്രയ വിദ്യാഭ്യാസ നിയമം പാസ്സാക്കി 3 മാസം കഴിഞ്ഞിട്ടും പ്രവേശന നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല, ഇക്കാര്യത്തിൽ അനിശ്ചിതത്വം തുടരുകയാണ്. ഈ വിഷയം സംബന്ധിച്ചുള്ള വകുപ്പുമന്ത്രിയുടെ പ്രസ്താവന പരസ്പര വിരുദ്ധമാണ്. യു.ഡി.എഫ്. ഗവൺമെന്റ് സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചതിൽ യാതൊരു അഴിമതി ആരോപണവും ഉണ്ടായിട്ടില്ല. 2006-ലെ സ്വകാര്യ പ്രൊഫഷണൽ വിദ്യാഭ്യാസ നിയമം കോടതിയുടെ

പരിഗണനയ്ക്ക് വന്നപ്പോൾ സിംഗിൾ ബഞ്ചിന്റെ അഭിപ്രായം കണക്കിലെടുത്ത് നടപടികൾ സ്വീകരിക്കുന്നതിനുപകരം വൻ തുക ചെലവഴിച്ച് നിയമയുദ്ധത്തിന് തയ്യാറാവുകയാണ് ചെയ്തത്. സുപ്രീംകോടതി സ്റ്റാറ്റസ്ക്കോ പുറപ്പെടുവിക്കുകയുണ്ടായി. ഈ വർഷത്തെ ഫീസ് സ്ട്രക്ച്ചർ ഇതുവരെ അംഗീകരിച്ചിട്ടില്ല. പ്രവേശന യോഗ്യത നിശ്ചയിക്കുന്നതിന് ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി വിളിച്ചുകൂട്ടി ഒരു ധാരണയുണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഇന്ന് സഭയിൽ നടന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും വിദ്യാഭ്യാസത്തിന് മുൻഗണന കൊടുക്കുകയും അതോടൊപ്പം കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് വിലയിരുത്തുകയും നല്ല നിർദ്ദേശങ്ങൾ നല്കുകയും ചെയ്തത് സ്വാഗതാർഹമാണ്. സ്പോർട്ട്സും യുവജനക്ഷേമവും വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായിട്ടാണ് സഭയിൽ വരുന്നതും ചർച്ച ചെയ്യപ്പെടുന്നതും. എന്നാൽ ഇതിൽ മാറ്റങ്ങൾ വേണമെന്നുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭിപ്രായം കണക്കിലെടുത്ത് അത് പ്രത്യേകം പരിശോധിക്കുന്നതാണ്. യു.ഡി.എഫ്. ഗവണ്മെന്റ് സ്പോർട്ട്സ് രംഗത്തിന് വേണ്ടത്ര പരിഗണന നൽകിയിരുന്നില്ല. സ്പോർട്ട്സ് നിയമംപോലും നടപ്പിലാക്കിയില്ല എന്നത് ഖേദകരമാണ്. സ്പോർട്ട്സ് രംഗത്തെ നവീകരണത്തിന്റെ പാതയിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് ഈ ഗവണ്മെന്റിന്റെ ലക്ഷ്യം. സ്പോർട്ട്സും യുവജനക്ഷേമവും ഇപ്പോൾ രണ്ട് വകുപ്പുകളുടെ കീഴിൽ പരസ്പരബന്ധംപോലുമില്ലാതെയാണ് പ്രവർത്തിക്കുന്നത്. അത് ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരണം.

സ്പോർട്ട്സിനെ  പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടാണ് കണക്കാക്കി യിട്ടുള്ളത്. അതുകൊണ്ട് പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസത്തിൽ കായിക വിദ്യാഭ്യാസം നിർബന്ധമാക്കുകയും കായിക രംഗത്തെ പ്രയോജനം എല്ലാവർക്കും ലഭിക്കത്തക്കരീതിയിൽ ഒരു പുതിയ കായിക നയം രൂപീകരിക്കേണ്ടതും ആവശ്യമാണ്. കായിക രംഗം  ജനാധിപ ത്യപരവും ജനകീയവുമാക്കണം. അതിന്റെ പ്രയോജനം പൂർണ്ണമായി ലഭിക്ക ണമെങ്കിൽ കായികരംഗത്ത് വികേന്ദ്രീകരണം ആവശ്യമാണ്. അതിനുവേണ്ടി സ്പോർട്ട്സ് കൗൺസിലുകൾ വില്ലേജുതലം വരെ എത്തണം. 1970–ൽ സ്പോർട്ട്സ് രംഗത്തെക്കുറിച്ച് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ കമ്മിഷൻ നടത്തിയ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു സ്പോർട്ട്സ് നയം രൂപീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. അടുത്ത നാഷണൽ ഗെയിംസ് കേരളത്തിൽവച്ച് നടത്തുന്നതാണ്. 2012 വരെയുള്ള ദേശീയവും അന്തർദേശീയവുമായ കായിക മൽസരങ്ങളെ മുന്നിൽകണ്ടുകൊണ്ട് ‘വിഷൻ 2012’എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കായികരംഗം വികസിക്കണമെങ്കിൽ കളിസ്ഥലങ്ങൾ വേണം. അതിനായി ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം, ഒരു പഞ്ചായ ത്തിൽ ഒരു നീന്തൽക്കുളം എന്ന രൂപത്തിലുള്ള ഒരു പദ്ധതിക്ക് ആലോചി ക്കുന്നുണ്ട്. ഇത് നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റേയും എം.എൽ.എ.മാരുടേയും എം.പി.മാരുടേയും ത്രിതല പഞ്ചായത്തുകളുടേയും സഹായം  ആവശ്യമാണ്. കേന്ദ്ര സ്പോർട്ട്സ് മന്ത്രി രൂപീകരിച്ച പദ്ധതിയും ഇതിനുവേണ്ടി പ്രയോജനപ്പെടുത്തും. സ്പോർട്ട്സിന്റെ വിഭവസമാഹരണ ത്തിനുവേണ്ടി  കേരളത്തിലെ സ്പോർട്ട്സ് ക്ലബ്ബുകൾ, പഞ്ചായത്തുകൾ,

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, വിദ്യാർത്ഥികൾ, അധ്യാപകർ, സർക്കാർ ജീവനക്കാർ എന്നിവരെയെല്ലാം പങ്കാളികളാക്കിക്കൊണ്ട് 2006 ഡിസംബർ മാസത്തിൽ ഒരു സ്പോർട്ട്സ് ബംബർ ലോട്ടറി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. മൊത്തം 100 കോടി രൂപയുടെ നിക്ഷേപം സ്പോർട്ട്സ് രംഗത്ത് കൊണ്ടുവരാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ മുടങ്ങിക്കിടക്കുന്ന മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് സെന്ററിന്റെ ആദ്യഘട്ടം കേരളപ്പിറവിയുടെ 50–ാം വാർഷികദിനത്തിൽ കമ്മിഷൻ ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. കൊച്ചി മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി നടക്കുന്ന സിന്തറ്റിക് ട്രാക്കിന്റെ പണി പൂർത്തിയാക്കി ഉടൻ കമ്മിഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. സ്കൂൾ ഗ്രൗണ്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 3 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കായിക താരങ്ങൾക്ക് തൊഴിൽ അവസരങ്ങളും എല്ലാ കളികൾക്കും ടീമുകളും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. സ്പോർട്ട്സ് രംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ ഒരുപാട് സംഭാവനകൾ ചെയ്തിട്ടുണ്ട്. ഈയിടെ അന്തരിച്ച ഫുട്ബാൾ താരം സത്യന്റെ ഭാര്യയ്ക്ക് ജോലി കൊടുക്കുന്നതുസംബന്ധിച്ചും ചെങ്ങന്നൂർ മണ്ഡലത്തിൽ ഒരു മുനിസിപ്പൽ സ്റ്റേഡിയം തുടങ്ങുന്നതിന് എന്തുസഹായം ചെയ്യാൻ കഴിയും എന്നതുസംബന്ധിച്ചും പരിശോധിക്കുന്നതാണ്. സ്പോർട്ട്സ് രംഗത്ത് എം.എൽ.എ. മാർ ചെലവഴിക്കുന്ന തുകയ്ക്കു സമാനമായി മാച്ചിംഗ് ഗ്രാന്റ് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. കായികതാരങ്ങൾക്കുള്ള അവാർഡ് വീണ്ടും പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കായിക രംഗത്തെ കൂടുതൽ പ്രോൽസാഹിപ്പിക്കുന്നതിനായി സ്റ്റേറ്റ് സ്പോർട്ട്സ് അവാർഡുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ജി.വി.രാജാ സ്പോർട്ട്സ് അവാർഡ് കുറച്ചുകൂടി വിപുലീകരിച്ചു

കൊണ്ട് കായികരംഗത്ത് കൂടുതൽ പെർഫോമൻസ് ഉണ്ടാക്കുന്ന ഏറ്റവും നല്ല സ്കൂളിനും ഏറ്റവും നല്ല കോളേജിനും പഞ്ചായത്തിനും ജി.വി.രാജാ അവാർഡ് നൽകുന്നതിനും പ്രോൽസാഹന അവാർഡുകൾ ഏർപ്പെടുത്തുന്നതിനും സ്പോർട്ട്സ് അധ്യാപകർക്കും കോച്ചുകൾക്കുംവേണ്ടി കായിക ആചാര്യ അവാർഡ് നൽകുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. സ്പോർട്ട്സ് ഇൻഷ്വറൻസ് സ്കീം പുന:സ്ഥാപിക്കും. സ്പോർട്ട്സ് ക്വാട്ടയിലെ നിയമനം ഉടൻതന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നാഷണൽ യൂത്ത് കമ്മിഷന്റെ ഭാഗമായി സ്റ്റാറ്റ്യൂട്ടറി ബോഡി എന്ന നിലയിൽ ഒരു സ്റ്റേറ്റ് യൂത്ത് കമ്മിഷൻ രൂപീകരിക്കുന്നതാണ്. യൂത്ത് ക്ളബ്ബുകൾക്ക് കൂടുതൽ സാമ്പത്തികസഹായം നൽകുന്നതാണ്. യുവജനങ്ങളെ മദ്യം, മയക്കുമരുന്ന് തുടങ്ങിയവയിൽനിന്നും പിന്തിരിപ്പിക്കുന്നതിനുവേണ്ടി ജില്ലാ യൂത്ത് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കും. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ജോബ് ഫെയറുകൾ കോഴിക്കോട്, തിരുവനന്തപുരം, കൊച്ചി എന്നീ കേന്ദ്രങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്നു. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കുവേണ്ടി യുവകർമ്മ പദ്ധതി നടപ്പിലാക്കും. ആസൂത്രിതമായ സ്വയംതൊഴിൽ പദ്ധതിയിലെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് അതിനോട് ആഭിമുഖ്യമുള്ളവരെ കണ്ടെത്തി ഒരു എംപ്ളോയ്മെന്റ് പദ്ധതിയും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): വളരെ നല്ല നിലവാരം പുലർത്തിക്കൊണ്ടുള്ള ഒരു ചർച്ചയാണ് ഇരുഭാഗത്തുനിന്നും ഇവിടെ നടത്തിയത്. പലരും വളരെ വിലപ്പെട്ട നിർദ്ദേശങ്ങളും അതുപോലെ വിമർശനങ്ങളും മുന്നോട്ടുവച്ചതിൽനിന്നും സ്വീകരിക്കേണ്ട കാര്യങ്ങൾ സ്വീകരിച്ചുകൊണ്ട് സഭയെ വിശ്വാസത്തിലെടുത്തു

കൊണ്ട് മുന്നോട്ടുപോകാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. ഈ ചർച്ചയിലുണ്ടായതുപോലുള്ള ആരോഗ്യകരമായ വിമർശനങ്ങളും ഇടപെടലുകളുമൊക്കെ ഈ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോഴും ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഗവണ്മെന്റിന്റെ വിലപ്പെട്ട സമയമാണ് നീക്കിവയ്ക്കേണ്ടിവന്നത്. കേന്ദ്ര ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് മന്ത്രി 2006 ജനുവരി 24-ന് അന്നത്തെ മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ 93-ാം ഭരണ ഘടനാ ഭേദഗതി പാസ്സാക്കിയിരിക്കുന്നുവെന്നും അതിന്റെ വെളിച്ചത്തിൽ അടിയന്തിരമായി നിയമനിർമ്മാണമുണ്ടാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. സംവരണ തത്വം നടപ്പിലാക്കുന്നതോടൊപ്പം ഡിഫറൻഷ്യൽ ഫീസ് സ്ട്രക്ച്ചർ മനസ്സിൽ വച്ച്, ഫീസ് ഘടന കണക്കിലെടുത്ത് വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച വ്യവസ്ഥയുണ്ടാകണമെന്നും കത്തിൽ പ്രതിപാദിച്ചിരുന്നു. തിടുക്കത്തിൽ ഈ നിയമം കൊണ്ടുവന്നുവെന്ന പ്രതിപക്ഷത്തിന്റെ വാദം അടിസ്ഥാന രഹിതമാണ്. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം അടുത്തുവരുന്ന സമയം കണക്കിലെടുത്ത് അടിയന്തിരമായി നിയമനിർമ്മാണം നടത്താൻ അന്നത്തെ സർക്കാർ തയ്യാറായില്ലെന്ന കാര്യം വിസ്മരിക്കാനാവില്ല. തെരഞ്ഞെടുപ്പിനുമുമ്പ് വേണമെങ്കിൽ ഓർഡിനൻസ് കൊണ്ടുവരാമായിരുന്നു. അന്നത്തെ സർക്കാരിൽനിന്ന് ഇതുസംബന്ധിച്ച് പ്രതികരണമുണ്ടാകാതിരുന്നതിനാലാണ് സഭയ്ക്ക് ഇത്തരം ഒരു നിയമനിർമ്മാണം നടത്തേണ്ടിവന്നത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരികയെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത നയമായിരുന്നു. പ്രതിപക്ഷത്തിന്റെ

ഭേദഗതികൾകൂടെ അംഗീകരിച്ച് ഐകകണ്ഠ്യേനയാണ് ആ നിയമം പാസ്സാക്കിയത്. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തുണ്ടായിരുന്ന പ്രശ്നങ്ങൾക്ക് ചുരുങ്ങിയ സമയംകൊണ്ട് ഗവണ്മെന്റിന് സാദ്ധ്യമായ പരിഹാരമാർഗ്ഗങ്ങളെല്ലാം ചെയ്തിട്ടുണ്ട്. ജനാധിപത്യപരമായ പ്രക്രിയയിലൂടെ സമൂഹത്തിന്റെ വ്യത്യസ്ത നേതൃസ്ഥാനങ്ങളിൽ നിൽക്കുന്നവരുമായി ചർച്ച ചെയ്ത് അഭിപ്രായ സമന്വയമുണ്ടാക്കാൻ ഗവണ്മെന്റ് തയ്യാറാണ്. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് മെറിറ്റിന് പ്രാധാന്യം കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന് വിട്ടുവീഴ്ച ചെയ്യാൻ പറ്റില്ല. വിദ്യാഭ്യാസരംഗത്ത് മികവ് തെളിയിക്കുന്നവരായിരിക്കണം ഡോക്ടർമാരായും എൻജിനീയർ മാരായും പരിശീലിക്കപ്പെടേണ്ടത്. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രവേശനം കൊടുക്കണമെന്ന മാനദണ്ഡം സ്വീകരിക്കണമെന്നതാണ് ഗവണ്മെന്റിന്റെ അഭിപ്രായം, ആ മാനദണ്ഡ മില്ലാത്തതായിരുന്നു 2004-ൽ പാസ്സാക്കിയ നിയമത്തിന്റെ ദൗർബല്യം. 50 ശതമാനം ഗവണ്മെന്റ് മെറിറ്റിലും 50 ശതമാനം കൺസോർഷ്യം നടത്തുന്ന പരീക്ഷയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്കും എന്ന വ്യവസ്ഥയെ ചോദ്യം ചെയ്തുകൊണ്ടുള്ള ജസ്റ്റിസ് കെ.ടി.തോമസ് കമ്മിറ്റിയുടെ റിപ്പോർട്ട് വന്നപ്പോൾ വിദ്യാർത്ഥികളുടെ പ്രൊഫഷണൽ കോളേജിലെ പ്രവേശനം നിയന്ത്രിക്കാനുള്ള റെഗുലേറ്ററി കമ്മിറ്റിയുടെ അധികാരം എടുത്തുകളയുന്ന നിയമം കൊണ്ടുവരികയാണ് 2004-ലെ നിയമത്തിലൂടെ കഴിഞ്ഞ ഗവണ്മെന്റ് ചെയ്തത്. വിദ്യാർത്ഥി പ്രവേശനത്തിൽ എന്തെങ്കിലും ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ തടയുന്നതിന് അഡ്മിനിസ്ട്രേറ്റീവ് റെഗുലേറ്ററി കമ്മിറ്റിക്ക് അധികാരമുണ്ടായിരുന്നില്ല. 85 ശതമാനം വിദ്യാർത്ഥി പ്രവേശനവും എൻട്രൻസ് എക്സാമിനേഷൻ നടത്തി തയ്യാറാക്കുന്ന ലിസ്റ്റിൽ

നിന്നുവേണമെന്ന വ്യവസ്ഥയാണ് 2006-ലെ നിയമത്തിന്റെ കാതലായ സവിശേഷത. അപാകതകൾ പരിഹരിച്ച് ഐകകണ്ഠ്യേനയാണ് 2006-ലെ നിയമം കൊണ്ടുവന്നതെന്ന സത്യം നിഷേധിക്കാനാവില്ല.

(പ്രതിപക്ഷനേതാവിനൊഴികെ മറ്റ് പ്രതിപക്ഷാംഗങ്ങളുടെ ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി വഴങ്ങാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ചു.)

2004-ലെ ആക്ടിലെ ഏറ്റവും വലിയ ബലഹീനത 50 ശതമാനം സീറ്റിൽ ഗവൺമെന്റ് ഫീസ് എന്ന വ്യവസ്ഥ വച്ചിട്ട് മാനേജുമെന്റിന് 50 ശതമാനം സീറ്റിന്റെ ഫീസ് ഘടന ഇഷ്ടംപോലെ തീരുമാനിക്കാൻ അധികാരം നൽകുന്നു എന്നതാണ്. ഇതുമൂലം പ്രൊഫഷണൽ വിദ്യാർത്ഥികൾ മാനേജുമെന്റുകളുടെ ചൂഷണത്തിന് ഇരയായി. താറുമാറായിക്കിടന്ന വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിനും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജുമെന്റുകൾ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഗവൺമെന്റ് നിയമം കൊണ്ടുവരാൻ ശ്രമിച്ചത്. ഈ കേസ് വാദിക്കുന്നതിനായി സുപ്രീംകോടതിയിൽ പ്രഗൽഭരായ വക്കീലന്മാരെയാണ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിയോഗിച്ചത്. ഈ വർഷംതന്നെ ഈ നിയമം നടപ്പാക്കാനുള്ള ശ്രമമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായത്. സുപ്രീംകോടതി ഈ വർഷം ഈ നിയമം നടപ്പിലാക്കാൻ പാടില്ലെന്നു പറഞ്ഞപ്പോൾ കൊച്ചിയിലെ സ്വകാര്യ മെഡിക്കൽ കോളേജ് ഈ നിയമം പൂർണ്ണമായും നടപ്പാക്കുകയും മറ്റ് പല സ്വകാര്യ സ്വാശ്രയ കോളേജുകൾ ഭാഗികമായി നടപ്പാക്കുകയും ചെയ്തു. മുൻവർഷങ്ങളിൽ മെഡിക്കൽ കോളേജിൽ ഒരു വിദ്യാർത്ഥി 1,13,000 രൂപ ചെലവഴിച്ചാണ് പഠിച്ചിരുന്നതെങ്കിൽ ഈ നിയമനിർമ്മാണത്തിലൂടെയും മറ്റ്

പരിശ്രമത്തിന്റെയും ഫലമായി ഇത്തവണ സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 575 സീറ്റുകളിലേയ്ക്ക് 13,000 രൂപ ഫീസ് കൊടുത്ത് വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയാക്കാൻ സാധിക്കും. സ്വകാര്യ ദന്തൽ കോളേജുകളിൽ 324 സർക്കാർ സീറ്റുകളിൽ ജസ്റ്റിസ് കെ.ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച ഫീസിന്റെ നേർപകുതി കൊടുത്ത് പഠിക്കാൻ ഈ ഗവൺമെന്റിന്റെ ഇടപെടൽമൂലം വിദ്യാർത്ഥികൾക്ക് സാധിച്ചു. ഈ ഗവൺമെന്റിന്റെ നാല് മാസത്തെ ഭരണത്തിനിടയിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വിദ്യാഭ്യാസ–ആരോഗ്യ വകുപ്പുകളുടെ പരിശ്രമത്തിന്റെ ഫലമായി നൂറ് സീറ്റുകൾ വർദ്ധിപ്പിക്കാൻ സാധിച്ചു. മുൻ ഗവൺമെന്റ് സ്വീകരിച്ച ചില നടപടിക്രമങ്ങളുടെ ഫലമായി അവസാന നിമിഷം ചില സ്വാശ്രയ കോളേജുകൾക്ക് ഈ ഗവൺമെന്റിന് അനുമതി കൊടുക്കേണ്ടിവന്നു. യൂണിവേഴ്സിറ്റി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ഇതിന് പെർമിഷൻ കൊടുത്തിരുന്നു. മെഡിക്കൽ കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങൾ കോടതിയെ സമീപിച്ചതിനാലാണ് ഈ ഗവൺമെന്റ് അത് നടപ്പാക്കാൻ നിർബന്ധിതമായത്. കഴിഞ്ഞ ഗവൺമെന്റ് അവരുമായി കരാർ ഒപ്പിട്ടിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നു. ഗവൺമെന്റ് നയം അനുസരിച്ചുള്ള പ്രവേശനവും ഫീസ് ഘടനയും സംബന്ധിച്ച് നാല് മെഡിക്കൽ കോളേജുകളുമായി കരാർ ഒപ്പുവയ്ക്കാൻ സാധിച്ചത് ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യംമൂലമാണ്. വിദ്യാഭ്യാസ മേഖലയിലെ മറ്റ് രംഗങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലെന്ന വിമർശനം ഭാഗികമായി സത്യമാണെന്ന് സമ്മതിക്കാൻ തയ്യാറാണ്. ഒന്നും ചെയ്തില്ല എന്ന വിമർശനം അസത്യമാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം

കുട്ടികളുടെ അവകാശമാണെന്ന തത്വം മുൻനിർത്തി നിലവാരത്തിൽ ഏറ്റവും പിന്നോക്കംനിൽക്കുന്ന സംസ്ഥാനത്തെ 104 വിദ്യാഭ്യാസ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് ഒരു പ്രത്യേക പദ്ധതി നടപ്പാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ആ പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് കാലടി സ്കൂളിൽവച്ച് നടന്നു. പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തതമൂലം കഴിവുകൾ പുറത്തുകൊണ്ടുവരാനോ ഉയർന്ന മാർക്ക് നേടാനോ സാധിക്കാത്ത കുട്ടികളെ ഉദ്ദേശിച്ച് ആരംഭിക്കുന്നതും നിലവാരം കുറഞ്ഞ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ വേണ്ടിയുള്ളതുമായ ഈ പദ്ധതി സംസ്ഥാനത്തെ 104 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രമായി പരിമിതപ്പെടുത്താനല്ല ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പൊതു വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന തിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. സാമ്പത്തിക പരിമിതി ഉണ്ടെങ്കിലും വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സുസ്ഥിരമായ വിദ്യാഭ്യാസ അടിത്തറ സൃഷ്ടിക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന തിനുംവേണ്ടി സമഗ്രമായ ചില പദ്ധതികൾ ലോക വിജ്ഞാന ഭൂപടത്തിൽ കേരളം സ്ഥാനം പിടിക്കുന്ന രീതിയിൽ വിഭാവന ചെയ്യാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അഖിലേന്ത്യാ തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം ഇന്ന് 21–ാം സ്ഥാനത്താണ്. ഉന്നത വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ബി.എഡ്. കോളേജുകളിലെ അഡ്മിഷൻ 15 ദിവസത്തിനകം പൂർത്തി യാക്കാൻ കഴിയുമെന്ന് ഉറപ്പുതരികയാണ്. കേരള കലാമണ്ഡലത്തെ ഒരു

കൽപ്പിത സർവ്വകലാശാലയായി ഉയർത്തിക്കൊണ്ടുവരാൻ പ്രാപ്തമായ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കാൻ യു.ജി.സി.യുടെ നിർദ്ദേശപ്രകാരം നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഡോ: കെ.എൻ. പണിക്കർ, ശ്രീ.ഒ.എൻ.വി. കുറുപ്പ് തുടങ്ങിയ വിദഗ്ദ്ധർ ഈ സമിതിയിൽ അംഗങ്ങളാണ്. ആവശ്യമായ എല്ലാ സാങ്കേതിക പ്രവർത്തനങ്ങളും വളരെ വേഗത്തിൽ നിർവ്വഹിച്ച് കേരളപ്പിറവിയുടെ 50-ാം വാർഷികത്തിന്റെ ആഘോഷ പരിപാടിയുടെ ഭാഗമായി കേരള കലാമണ്ഡലത്തെ കൽപ്പിത സർവ്വകലാശാലയായി പ്രഖ്യാപിക്കാൻ കഴിയുമെന്നാണ് ഈ ഗവൺമെന്റ് കരുതുന്നത്. കേരളത്തിലെ ഒരു കലാകാരൻ അവശത അനുഭവിക്കുന്നതുമൂലം പെൻഷന് അപേക്ഷിക്കുന്ന സന്ദർഭം ഒഴിവാക്കണമെന്നാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതുകൊണ്ട് അവശകലാകാര പെൻഷൻ എന്ന പേരുതന്നെമാറ്റണമെന്നാണ് ഗവൺ മെന്റിന്റെ ആഗ്രഹം. 1600-ഓളം പേർക്കാണ് അവശകലാകാര പെൻഷൻ നൽകിക്കൊണ്ടിരുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ ഇവരുടെ എണ്ണം 2000 ആയി വർദ്ധിപ്പിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന തിനനുസരിച്ച് ഇവർക്ക് നൽകിവരുന്ന ആശ്വാസത്തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. പാരമ്പര്യ കലാകാരന്മാരുടെ ഇന്നത്തെ ദയനീയ സ്ഥിതിക്ക് പരിഹാരം കണ്ടെത്താൻ ക്ഷേമനിധി ഉൾപ്പെടെയുള്ള പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്. നിരവധി പേർ പ്രവർത്തിക്കുന്ന അഡ്വർടൈസിംഗ് മേഖലയിലെ കലാകാ രൻമാർ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. കമ്പ്യൂട്ടർവഴി പ്ളാസ്റ്റിക് പ്രിന്റൗട്ട് എടുക്കുന്നതുമൂലം പാരിസ്ഥിതിക പ്രശ്നം ഉളവാകുമെന്നതിനാൽ ഫ്ളെക്സിന്റെ ഉപയോഗം കുറയ്ക്കുന്നതിന് അതിൻമേൽ ഉയർന്ന

ലൈസൻസ് ഫീസ് ഏർപ്പെടുത്തിയാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതൊരു വരുമാനമാർഗ്ഗമാകുന്നതോടൊപ്പം കലാകാരൻമാരുടെ പ്രശ്ന ത്തിനും ഒരു പരിധിവരെ പരിഹാരമാവും. രാജാരവിവർമ്മയുടെ ചിത്രങ്ങൾ സൂക്ഷിക്കുന്നതിന് പുതിയ ആർട്ട് ഗ്യാലറി നിർമ്മിക്കണമെന്ന ആവശ്യം ഉടനെ നടപ്പാക്കാനാവാത്തതിനാൽ ഇന്ന് ചിത്രങ്ങൾ സൂക്ഷിക്കുന്ന സ്ഥലത്ത് അത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. 12–ാം ധനകാര്യ കമ്മീഷന്റെ മുമ്പിൽവച്ച അഭ്യർത്ഥനയിൽ ശ്രീചിത്രാ ഗ്യാലറിയുടെ റിനവേഷൻ, പുതിയ ആർട്ട് ഗ്യാലറിയുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്തി യിട്ടുണ്ട്. എസ്.എസ്.എൽ.സി.ക്കും പ്ളസ് ടൂ രംഗത്തും നിലനിൽക്കുന്ന വ്യത്യസ്ത സംവിധാനങ്ങളും മറ്റ് ഒട്ടേറെ പ്രശ്നങ്ങളും അതിന്റെ ഗൗരവത്തോടുകൂടിത്തന്നെ ഗവൺമെന്റ് പരിഗണിക്കും. വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ ചില കോഴ്സുകൾ പി.എസ്.സി. അംഗീകരിക്കില്ലെന്ന പ്രശ്നം പി.എസ്.സി.യുമായി ടേക്കപ്പ് ചെയ്തിട്ടുണ്ട്. ഓപ്പൺ സ്കൂളിൽ രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുന്നത് സംബന്ധിച്ച ചില തീരുമാനങ്ങൾ ഗവൺമെന്റ് വൈകാതെ കൈക്കൊള്ളും. എയ്ഡഡ് കോളേജുകളിലെയും ഗവൺമെന്റ് കോളേജുകളിലെയും അദ്ധ്യാപക–അനദ്ധ്യാപക ഒഴിവുകൾ നികത്താത്തത് സംബന്ധിച്ച പ്രശ്നങ്ങൾക്കും സ്കൂളുകളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലനിൽക്കുന്ന പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തും. അറബിക് സർവ്വകലാശാല തുടങ്ങുന്ന കാര്യം ഗൗരവത്തോടുകൂടി ഗവൺമെന്റ് പരിഗണിക്കും. വിദ്യാഭ്യാസ രംഗത്തിന് ഗവൺമെന്റ് വേണ്ട പ്രചോദനം നൽകി പ്രവർത്തിക്കുമെന്ന് ഉറപ്പുതരികയാണ്. മതമേലദ്ധ്യക്ഷന്മാരേയും മറ്റും അപമാനിക്കുന്നത് ഈ ഗവൺമെന്റിന്റെ നയമല്ല. ആ നിലയിലുള്ള

പ്രചരണം സത്യവിരുദ്ധമാണ്. പരീക്ഷാ ഭവനിലെ പോരായ്മകൾ, ചലച്ചിത്ര രംഗത്ത് ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ, കുഞ്ഞുണ്ണി മാസ്റ്ററുടെ പേരിൽ സ്ഥാപനം ആരംഭിക്കൽ തുടങ്ങി ഒട്ടേറെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിദ്യാഭ്യാസ-കലാ-സാംസ്കാരിക രംഗത്ത് പുതിയ മാറ്റങ്ങൾ ഉണ്ടാക്കാൻ പരിശ്രമിക്കുമെന്ന് ഉറപ്പുതരികയാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നരം 4.30-ന് പിരിഞ്ഞു.

..............